# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കുളനട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2022-2023**


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പത്തനംതിട്ട-689645**

**ഇ-മെയിൽ: dopta.ksad@kerala.gov.in**

**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSAD/PTA/P11/1146/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 04/12/2023
ഇ-മെയിൽ:
dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളനട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുളനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു

റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSAD/PTA/P11/1146/2023 തീയ്യതി: 04/12/2023

# പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 29 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 20-11-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. സ്നിഗ്ദ്ധ എസ് | ഡെപ്യൂട്ടി ഡയറക്ടർ | 13-11-2023 | 20-11-2023 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 13-11-2023 | 20-11-2023 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സജി എ, ഓഡിറ്റ് ഓഫീസർ
ശ്രീ മഹേഷ് കുമാർ കെ ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ അനിൽ കുമാർ പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി ദീപ കെ എസ്, ഓഡിറ്റർ
കുമാരി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്തിര സി ചന്ദ്രൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി ലത എ | സെക്രട്ടറി | 01-04-2022 | 02-05-2022 |
| ശ്രീമതി ഷൈലജ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 03-05-2022 | 27-05-2022 |
| ശ്രീമതി ലത എ | സെക്രട്ടറി | 28-05-2022 | 31-01-2023 |
| ശ്രീമതി ഷൈലജ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-02-2023 | 08-02-2023 |
| ശ്രീ ബിനു കുമാർ | സെക്രട്ടറി | 09-02-2023 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ഷൈലജ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീ വിനയ കുമാർ വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീ വിനോദ് കുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-09-2022 |
| ശ്രീമതി സംഗീത പത്മരാജൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 25-09-2022 |
| ശ്രീമതി അനുദേവ | അസിസ്റ്റന്റ് എഞ്ചിനീയർ | 26-09-2022 | 31-03-2023 |
| ശ്രീമതി ചിത്ര എസ് ബി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ ജയകുമാർ | മെഡിക്കൽ ഓഫീസർ(ആയുർവേദം)) | 01-04-2022 | 31-03-2023 |
| ഡോ അഞ്ജു ആർ എസ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2022 | 15-01-2023 |
| ഡോ മാലതി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 16-01-2023 | 31-03-2023 |
| ഡോ സുജ ആർ | വെറ്ററിനറി സർജൻ | 01-04-2022 | 26-09-2022 |
| ഡോ റോഷിൻ എം റെജി | വെറ്ററിനറി സർജൻ | 27-09-2022 | 31-03-2023 |
| ഡോ പ്രവീൺ കുമാർ റ്റി | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2022 | 04-05-2022 |
| ഡോ ജേക്കബ്ബ് കുരുവിള | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 05-05-2022 | 11-05-2022 |
| ഡോ ജിനു ജി തോമസ് | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 12-05-2022 | 31-03-2023 |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ലത ജി | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-03-2023 |
| ശ്രീ സുരേഷ് കുമാർ. ആർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ആമിന സമദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ഓഡിറ്റ് സര്‍ട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങള്‍ പ്രകാരമുള്ള എല്ലാ പത്രികകളും വാര്‍ഷിക കണക്കില്‍ ഉള്‍പ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തുകകള്‍ തമ്മില്‍ പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | സ്റ്റേറ്റ് ഷെയര്‍ തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-3 |
| 5 | വാടക ഇനത്തിലുള്ള വരവ് തുക ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്തു. | 1-1-4 |
| 6 | Auction Deposit – വിശദാംശം ഇല്ല | 1-1-5 |
| 7 | Stale Cheque ക്രമീകരിക്കുവാന്‍ അവശേഷിക്കുന്നു | 1-1-6 |
| 8 | ക്യാപ്പിറ്റല്‍ വര്‍ക്ക് ഇന്‍ പ്രോഗ്രസ്സ് - തെറ്റായ തുക ഉള്‍പ്പെടുത്തി | 1-1-7 |
| 9 | ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങള്‍ ഇല്ല | 1-1-8 |
| 10 | അഡ്വാന്‍സ് ക്രമീകരിച്ചില്ല | 1-1-9 |
| 11 | ഓഡിറ്റ് റിക്കവറി - തുക തെറ്റായി അക്കൗണ്ട് ചെയ്തു | 1-1-10 |
| 12 | MGNREGS - വരവ് ചെലവ് കണക്കുകളില്‍ വ്യത്യാസം | 1-1-11 |
| 13 | ബഡ്ജറ്റ് | 1-2 |
| 14 | സാമ്പത്തിക വിശകലനം | 1-3 |
| 15 | ഗ്രാന്‍റ് വിനിയോഗ പത്രികയിലെ അപാകതകള്‍ | 1-4-1 |
| 16 | ഗ്രാന്‍റ് വിനിയോഗം | 1-4 |
| 17 | പദ്ധതി അവലോകനം | 1-5 |
| 18 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 19 | സാമൂഹ്യ സുരക്ഷാ പെന്‍ഷനുകള്‍ | 1-7 |
| 20 | ക്യാഷ് ബാലന്‍സ് പരിശോധന. | 1-8 |
| 21 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 22 | മറ്റ് ഓഡിറ്റുകള്‍ നടത്തിയതിന്‍റെ വിവരം | 1-10 |

| | | |
|---|---|---|
| 23 | നികുതി നികുതിയേതര വരുമാനം സംബന്ധിച്ച അവലോകനം | 1-11 |
| 24 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-12 |
| 25 | ടർഫിന്റെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ് | 1-13 |
| 26 | ലൈസൻസ് പിരിവ്- അപാകതകൾ | 1-14 |
| 27 | രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-15 |
| 28 | ലേല നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല. | 1-16 |
| 29 | തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല | 1-17 |
| 30 | ലൈഫ് ജനറൽ പദ്ധതിയിൽ 15 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല | 1-18 |
| 31 | ലൈഫ് SCP പദ്ധതിയിലെ 20 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല | 1-19 |
| 32 | ലൈഫ് SCP(അഡീഷണൽ) പദ്ധതിയിലെ 6 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-20 |
| 33 | മെയിന്റനൻസ് ഗ്രാന്റിനത്തിൽ 1.02 കോടി രൂപ ലാപ്സായി. | 1-21 |
| 34 | അതിർത്തി തർക്കം കാരണം മാന്തുക ഗവ. UP സ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തീകരിക്കാനായില്ല. | 1-22 |
| 35 | ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല | 1-23 |
| 36 | മുററത്തൊരു മീൻ തോട്ടം- തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയില്ല. | 1-24 |
| 37 | ഉപയോഗശൂന്യമായ കാർഷിക യന്ത്രസാമഗ്രികൾ - തുടർ നടപടി അനിവാര്യം | 1-25 |
| 38 | വൈദ്യുത കണക്ഷൻ ഉറപ്പാക്കാതെ പാടശേഖര സമിതികൾക്ക് പമ്പ് സെറ്റ് വാങ്ങി നല്കി | 1-26 |
| 39 | അഗതിരഹിത കേരളം - ഭക്ഷണക്കിറ്റ് വിതരണം നിലച്ചു | 1-27 |
| 40 | നിക്ഷേപ പ്രവൃത്തികൾ - തിരികെ ലഭിച്ച തുക തനതു ഫണ്ടിൽ സൂക്ഷിക്കുന്നു | 1-28 |
| 41 | നിർവ്വഹണ ഉദ്യോഗസ്ഥ കൈപ്പറ്റിയ മുൻകൂർ ക്രമീകരിച്ചില്ല | 1-29 |
| 42 | കരാർ ജീവനക്കാരുടെ ലീവ് അക്കൗണ്ട് സാക്ഷ്യപ്പെടുത്താതെ ആർജ്ജിതാവധി അനുവദിച്ചു | 1-30 |
| 43 | മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല | 1-31 |
| 44 | എസ്.എസ്.കെ പ്രവർത്തനം വിലയിരുത്തുന്നില്ല | 1-32 |

| | | |
|---|---|---|
| 45 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല | 1-33 |
| 46 | മരുന്നുകൾ ലഭ്യമാക്കുവാൻ അവശേഷിക്കുന്നു | 1-34 |
| 47 | കാര്യക്ഷമമാക്കേണ്ട ദുരിതാശ്വാസ നിധി | 1-35 |
| 48 | സ്വന്തമായി കെട്ടിടമില്ലാതെ അങ്കണവാടികൾ | 1-36 |
| 49 | വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 1-37 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെൻറ്/ കേന്ദ്ര ഗവൺമെൻറ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 10-07-2023 ലെ 2-1-ാം നമ്പർ കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 15-07-2023 ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുളനട ഗ്രാമപഞ്ചായത്തിന്റെ 2023 മാർച്ച് 31-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31-03-2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ അതിലെ മറ്റു നിരീക്ഷണങ്ങൾക്ക് വിധേയമായി, കുളനട ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

പത്തനംതിട്ട                                   ഡെപ്യൂട്ടി ഡയറക്ടർ
04.12.2023

**1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

കേരള പഞ്ചായത്ത്രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62-ൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം അടിസ്ഥാന അനുപാതങ്ങൾ (Ratios) സംബന്ധിച്ച പത്രിക വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല**

ക്യാഷ്ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ്ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

**1-1-3 സ്റ്റേറ്റ് ഷെയർ തെറ്റായി അക്കൗണ്ട് ചെയ്തു**

ഷെഡ്യൂൾ - B5 & RP31- ലൈഫ് പദ്ധതിയുടെ സ്റ്റേറ്റ് ഷെയർ ലഭിച്ച 9300000 രൂപ ലോൺ ഇനത്തിൽ അക്കൗണ്ട് ചെയ്തു.

**1-1-4 വാടക ഇനത്തിലുള്ള വരവ് തുക ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്തു.**

ഷെഡ്യൂൾ - B7- Rent For Auditorium ഇനത്തിലുള്ള വരവ് തുക ഡെപ്പോസിറ്റായി അക്കൗണ്ട് ചെയ്തു.

**1-1-5 Auction Deposit – വിശദാംശം ഇല്ല**

ഷെഡ്യൂൾ - B7- Auction Deposit ഇനത്തിലുള്ള 8236 രൂപയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

**1-1-6 Stale Cheque ക്രമീകരിക്കുവാൻ അവശേഷിക്കുന്നു**

ഷെഡ്യൂൾ - B9- Liability In Respect Of Stale Cheque എന്ന ശീർഷകത്തിലുള്ള 154635 രൂപ ക്രമീകരിച്ചിട്ടില്ല.

**1-1-7 ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് - തെറ്റായ തുക ഉൾപ്പെടുത്തി**

ഷെഡ്യൂൾ - B11 (B) - ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ 519135 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം പാർട്ട് ബില്ലുകൾ ഇല്ല.

**1-1-8 ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ഇല്ല**

ഷെഡ്യൂൾ - B14- ക്ലോസിംഗ് സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-9 അഡ്വാൻസ് ക്രമീകരിച്ചില്ല**

ഷെഡ്യൂൾ - B18- (A) Other Advance ഇനത്തിൽ 2021-22ൽ നൽകിയ 50000 രൂപ ക്രമീകരിച്ചിട്ടില്ല.

(B) മുൻവർഷങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി കെഎസ് ഇബിയിൽ നിക്ഷേപിച്ച 1047872 രൂപയുടെയും, ഭൂജല വകുപ്പിൽ നിക്ഷേപിച്ച 15400 രൂപയുടെയും, പൂർത്തീകരണ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ട്. എന്നാൽ വാർഷിക കണക്കുകളിൽ ഇതു പ്രകാരം മാറ്റം വരുത്തിയിട്ടില്ല.

## 1-1-10 ഓഡിറ്റ് റിക്കവറി - തുക തെറ്റായി അക്കൗണ്ട് ചെയ്തു

ഷെഡ്യൂൾ - RP 10- ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 33920 രൂപ, Audit Recovery Based On Charge Certificate എന്ന ഹെഡ്ഡിൽ തെറ്റായി അക്കൗണ്ട് ചെയ്തു.

## 1-1-11 MGNREGS - വരവ് ചെലവ് കണക്കുകളിൽ വ്യത്യാസം

ഷെഡ്യൂൾ - I(6) - MGNREGS യഥാർത്ഥ വരവ് ചെലവ് കണക്കുകളും ധനകാര്യ പത്രികയിലെ തുകകളും പൊരുത്തപ്പെടുന്നില്ല

## 1-2 ബഡ്ജറ്റ്

| | |
|---|---|
| ബഡ്ജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പാസ്സാക്കിയ തീയതി | 19/03/2022 |
| ബഡ്ജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയതി | 26/03/2022 |
| റിവൈസ്സ് ബഡ്ജറ്റ് അംഗീകരിച്ച തീയതി | 24/02/2023 |

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 6359069 | 14303019 | -7943950 |
| വരവ് | 258148290 | 53489147 | 204659143 |
| ആകെ | 264507359 | 67792166 | 196715193 |
| ചെലവ് | 257090500 | 42952248 | 214138252 |
| നീക്കിയിരിപ്പ് | 7416859 | 24839918 | -17423059 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് (Receipt & Payment പത്രിക പ്രകാരം) | 14303019 |
| വരവ് | 53489147 |
| ആകെ | 67792166 |
| ചെലവ് | 42952248 |
| നീക്കിയിരിപ്പ് | 24839918 |

## 1-4-1 ഗ്രാന്റ് വിനിയോഗ പത്രികയിലെ അപാകതകൾ

വിവിധ വിഭാഗങ്ങളിൽ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി (അലോട്ട്മെന്റ്) ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട്-ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 707196 |
| | അങ്കണവാടി അധിക വേതനം | 1314000 |
| വികസന ഫണ്ട്-എസ്.സി.പി | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 2465907 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ക്യൂ ബിൽ | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | - | 16136000 | 16136000 | 13896001 | ഇല്ല | 2239999 |
| വികസനഫണ്ട് (SCP) | - | 10782000 | 10782000 | 10772178 | ഇല്ല | 9822 |
| വികസനഫണ്ട് (TSP) | - | - | - | - | - | - |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | | 7263566 | 7263566 | 3117378 | ഇല്ല | 4146188 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | - | 2858861 | 2858861 | 2411327 | ഇല്ല | 447534 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | - | 16223300 | 16223300 | 2627317 | ഇല്ല | 9726983 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | - | 5144000 | 5144000 | 3848934 | ഇല്ല | 1295066 |

| | | | | | | |
|---|---|---|---|---|---|---|
| **സംസ്ഥാനാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | | |
| ലൈബ്രറി ഗ്രാന്റ് | - | 11640 | 11640 | 11640 | - | - |
| ശുചിത്വ മിഷൻ | 2819417 | 520000 | 3339417 | 981308 | ഇല്ല | 2358109 |
| Life State Share | 520000 | 9300000 | 9820000 | 2960000 | - | 6880000 |
| ശബരിമല ഗ്രാന്റ് | 1393131 | 1084000 | 2477131 | 1947829 | -- | -529302 |
| **കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)** | | | | | | |
| സപ്ലിമെന്ററി ന്യൂട്രീഷൻ | 505821 | 873850 | 1379671 | 441882 | - | 937789 |
| ഹെൽത്ത് ഗ്രാന്റ് 1 | 0 | 136613 | 136613 | 134951 | -- | -1662 |
| ഹെൽത്ത് ഗ്രാന്റ് 2 | 0 | 236769 | 236769 | 234698 | -- | 2071 |
| തൊഴിലുറപ്പു പദ്ധതി | 6.68 | 30177779 | 30177785.68 | 30176765 | -- | 1020.68 |
| ഹെൽത്ത് ഗ്രാന്റ് 2 ഐ സി ഡി എസ് | | | | | | |

## 1-5 പദ്ധതി അവലോകനം

(1) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 188 | 106735953 | 122 | 60498050 | 13 | 53 | 71.81 |

(2) വിവിധ മേഖലകൾക്കായി വകയിരുത്തിയ തുകയും അവയുടെ ചെലവും

| മേഖല | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവിന്റെ ശതമാനം |
|---|---|---|---|
| ഉൽപ്പാദനം | 9947068 | 5868755 | 59 |
| സേവനം | 78345053 | 48146081 | 61.5 |
| പശ്ചാത്തലം | 20934693 | 6483214 | 31 |
| ആകെ | 109226814 | 60498050 | 55.3 |

(3) നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പദ്ധതികളുടെ വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്ക്കരിച്ച പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരു- ത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 2 | 2 | 1010000 | 1010000 |
| 2 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 10 | 10 | 3009288 | 2959084 |
| 3 | കൃഷി ഓഫീസർ | 10 | 10 | 4981845 | 3204325 |
| 4 | സെക്രട്ടറി | 32 | 26 | 12534610 | 9432687 |
| 5 | വെറ്ററിനറി സർജൻ | 8 | 8 | 2512616 | 1677713 |
| 7 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 17 | 46235989 | 27052510 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 9 | 9 | 5431582 | 3739182 |
| 9 | ഡയറിഫാം ഇൻസ്ട്രക്ടർ | 5 | 5 | 2012607 | 1022773 |
| 10 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 3759700 | 3211213 |
| 11 | ഹെഡ്മാസ്റ്റർ | 5 | 4 | 418300 | 118300 |
| 12 | അസിസ്റ്റന്റ് എഞ്ചിനീയർ | 70 | 30 | 24599416 | 6885765 |
| 13 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 3 | 150000 | 145498 |
| 14 | ഫിഷറീസ് ഓഫീസർ | 2 | 2 | 80000 | 39000 |
| | **ആകെ** | 188 | 135 | 106735953 | 60498050 |

പദ്ധതി നിർവ്വഹണം – നേട്ടങ്ങളും കോട്ടങ്ങളും

സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവർ ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ എല്ലാ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന നടത്തി, പൊതു ടാപ്പുകളുടെ എണ്ണം കുറച്ചു കൊണ്ടുവരാൻ സാധിച്ചതിനാൽ പ്രതിമാസം വെള്ളക്കരം ഇനത്തിൽ ഗണ്യമായ കുറവുണ്ടായി. പശ്ചാത്തല മേഖലയിലെ പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ പോരായ്മകളുണ്ട്. മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിൽ ലഭ്യമായ ഫണ്ടിന്റെ സിംഹഭാഗവും ലാപ്സാക്കി. ലൈഫ് ഭവന പദ്ധതി പ്രകാരമുള്ള 129 ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയായി.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6.68 രൂപ | 2300664 | 2300670.68 | 2299650 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 27877115 | 27877115 | 27877115 | |
| ആകെ | 6.68 രൂപ | 30177779 | 30177785.68 | 30176765 | 1020.68 |

സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| വർഷം | ഓഡിറ്റ് നടത്തിയ തീയതി | റിപ്പോർട്ട് നൽകിയ തീയതി |
|---|---|---|
| 2022-23 | 01/11/2022 | 16/11/2022 |
| | 01/04/2023 | 15/04/2023 |

## 1-7 സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

| **പെൻഷൻ ഇനം** | **ചെലവ്** | **ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 4358600 | 385 |
| മാനസിക-ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 3082200 | 280 |
| വിധവാ പെൻഷൻ | 9126200 | 863 |
| വാർദ്ധക്യകാല പെൻഷൻ | 23541300 | 2239 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിന്മേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 446400 | 41 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.11.23 തീയതിൽ 2.14 P.M ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13,266(പതിമൂവായിരത്തി ഇരുന്നൂററി അറുപത്താറു രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ILGMSനടപ്പാക്കിയിട്ടുള്ളതിനാൽ ഇടപാടുകൾ സുതാര്യമാണ്. മാന്വലായി സൂക്ഷിക്കുന്ന രജിസ്റ്ററുകൾ (ഉദാ: സ്യൂട്ട് രജിസ്റ്റർ) കൃത്യമായി എഴുതി സാക്ഷ്യപ്പെടുത്തി വച്ചിട്ടുണ്ട്. 2023 സെപ്റ്റംബർ മാസം വരെയുള്ള മിനിട്ട്സ്, സകർമ്മയിൽ ക്ലോസ്സ് ചെയ്തിട്ടുണ്ട്. എന്നാൽ ഒക്ടോബർ, നവംബർ മാസങ്ങളിലെ മിനിട്ട്സ് പൂർണ്ണമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06/08/2011 മുതൽ 12/08/2011 വരെ | 2008-09 മുതൽ 2010-11 വരെ | 12/01/2012 |
| പെർഫോമൻസ് ഓഡിറ്റ് | 24/06/2022 മുതൽ 25/06/2022 വരെ | 1/2022 മുതൽ 3/2022 വരെ | 08/07/2022 |

## 1-11 നികുതി നികുതിയേതര വരുമാനം സംബന്ധിച്ച അവലോകനം

പത്തനംതിട്ട ജില്ലയിലെ ടൗൺ പഞ്ചായത്തുകളിലൊന്നാണ് കുളനട ഗ്രാമപഞ്ചായത്ത്. വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസുകൾ, വാടക തുടങ്ങിയവയാണ് സർക്കാർ ഗ്രാന്റുകൾക്കു പുറമെയുള്ള വരുമാന മാർഗങ്ങൾ. 1,10,50,589 രൂപയാണ് പൊതു ആവശ്യ ഗ്രാന്റ് കൂടാതെയുള്ള തൻവർഷത്തെ ആകെ തനതു വരുമാനം.

2022-23 വർഷത്തെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും, സ്ഥാപനത്തിലെ വാർഷിക കണക്കു പ്രകാരം ലഭ്യമായ വരവും ചുവടെ ചേർക്കുന്നു.

| ക്രമ നം. | വരവിനം | ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരമുള്ള വരവ് |
|---|---|---|---|
| 1 | വസ്തുനികുതി | 6500000 | 5896267 |
| 2 | തൊഴിൽ നികുതി | 2300000 | 1893207 |
| 3 | ലൈസൻസ് ഫീസ് | 480000 | 476900 |
| 4 | വാടക | 1268250 | 888320 |
| 5 | ബിൽഡിംഗ് പെർമിറ്റ് ഫീസ് | 340000 | 185725 |

ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

നികുതി നികുതിയേതര വരുമാനത്തിന്റെ കഴിഞ്ഞ 3 വർഷത്തെ പിരിവ് പുരോഗതി ചുവടെ ചേർക്കുന്നു.

| വരവിനം | 2020-21 | 2021-22 | 2022-23 |
|---|---|---|---|
| തൊഴിൽ നികുതി | 1670110 | 1773075 | 1893207 |
| വസ്തുനികുതി | 5433676 | 5746712 | 5878160 |
| ലൈസൻസ് ഫീസ് | 421490 | 390600 | 476900 |
| വാടക | 751482 | 789218 | 835684 |
| മാർക്കറ്റ് ഫീസ് | 974000 | 732000 | 646000 |

ലൈസൻസ് ഫീസ്, മാർക്കറ്റ് ഫീസ് പിരിവ് എന്നിവയിൽ ക്രമാനുഗതമായ പിരിവ് പുരോഗതി ഉണ്ടാകുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ വസ്തു നികുതി പിരിവ് പുരോഗതിയുടെ അവലോകനം മാത്രമാണ് നടത്തിയിട്ടുള്ളത്. മറ്റ് വരവിനങ്ങളുടെ പിരിവ് പുരോഗതി നിരീക്ഷിക്കേണ്ടതും  പുതിയ തനതു വരുമാന മേഖലകൾ കണ്ടെത്തുന്നതിന് നിർദ്ദേശം നൽകേണ്ടതുമാണ്.

**<u>തൊഴിൽ നികുതി</u>**

തൊഴിൽ നികുതിയുടെ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് തുക | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ജീവനക്കാർ | 1240927 | 1240927 | 0 |
| ട്രേഡേഴ്സ് | 587680 | 587680 | 0 |
| ഇൻസ്റ്റിറ്റ്യൂഷൻ | 64600 | 64600 | 0 |

തൊഴിൽ നികുതി ഇനത്തിൽ 100% കളക്ഷനാണ്. നിയമാനുസൃതം സ്വയം തൊഴിലെടുക്കുന്ന (പ്രൊഫഷണൽസ്) ഡോക്ടർമാർ, അഭിഭാഷകർ, ആർക്കിടെക്റ്റ്, ടാക്സ് പ്രാക്ടീഷണർമാർ, ചാർട്ടേഡ് അക്കൗണ്ടന്റ്, ഇൻഷുറൻസ് ഏജന്റുമാർ, പൊതുമരാമത്ത് കോൺട്രാക്ടർമാർ തുടങ്ങിയ ഒരു വലിയ വിഭാഗം തൊഴിൽ നികുതി ചുമത്തലിൽ നിന്നും ഒഴിവാക്കപ്പെടുന്നു. മതിയായ വിവരഅടിത്തറയുടെ അഭാവമാണ് പ്രധാന കാരണം. സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുമ്പോൾ ലൈസൻസ് അപേക്ഷയിലെ വിവരങ്ങളുമായി ജീവനക്കാരുടെ എണ്ണം പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## വസ്തു നികുതി

ഗ്രാമപഞ്ചായത്തിന്റെ പ്രധാന വരുമാനമാർഗ്ഗമാണ് വസ്തു നികുതി. ഗ്രാമപഞ്ചായത്തിൽ ആകെ 16 വാർഡുകളുണ്ട്. വസ്തുനികുതി ഇനത്തിൽ തൻവർഷത്തെ ഡിമാന്റ് -കളക്ഷൻ-ബാലൻസ് തുകയുടെ വിവരം താഴെ ചേർക്കുന്നു.

| വരവിനം | | ഡിമാന്റ് | കളക്ഷൻ |
|---|---|---|---|
| വസ്തു നികുതി | AFS | 5896267 | 5853245 |
| | സഞ്ചയ | 6218663 | 6120448 |

വസ്തു നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു വരുന്നവയാണ്. റിക്കവറി നടപടി അടിയന്തിരമായി സ്വീകരിച്ച് വസ്തു നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കേണ്ടതാണ്.

## വസ്തു നികുതി പരിഷ്കരണം

05.04.2023 ലെ സ.ഉ .നം.25/2023/തസ്വഭവ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ വിവിധ ഇനം കെട്ടിടങ്ങൾക്കും അതിന്റെ ഉപവിഭാഗങ്ങൾക്കുമുള്ള അടിസ്ഥാന വസ്തു നികുതി നിരക്കിന്റെ കുറഞ്ഞതും കൂടിയതുമായ പരിധി നിർണ്ണയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. പുതുക്കിയ വസ്തുനികുതി നിരക്ക് പ്രാബല്യത്തിൽ വരുന്ന തീയതി 01.04.2023 മുതലാണ്. ഇപ്രകാരം പുതുക്കിയ പരിധിയിൽ നിന്ന് കുളനട ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് (10.07.2023 ലെ 5(1)- ാം തീരുമാനം) അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി നികുതി പുനർനിർണ്ണയം പൂർത്തീകരിക്കുന്നതിനായി വിവര ശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്), ഐ ടി ഐ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഐ ടി ഐ സർവ്വേയർ എന്നിവയിൽ കുറയാത്ത യോഗ്യതയുള്ളവരെ നിയമിക്കുന്നതിനായി പരസ്യം നല്കി യോഗ്യതയുള്ള 6 പേരെ തിരഞ്ഞെടുത്തിരുന്നെങ്കിലും ഇതുമായി ബന്ധപ്പെട്ട ട്രയിനിംഗിൽ 2 പേർ മാത്രമാണ് പങ്കെടുത്തത്.

വസ്തു നികുതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ടുള്ള തുടർനടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി പ്രത്യേകം ശ്രദ്ധ പുലർത്തേണ്ടതാണ്.

നികുതി നിർണ്ണയത്തിനു ശേഷമുള്ള കൂട്ടിച്ചേർക്കലുകൾ/ഉപയോഗ ക്രമത്തിലുള്ള മാറ്റങ്ങൾ, നികുതിയിളവ് നേടിയ ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ അനുമതിയില്ലാതെ കെട്ടിട വിസ്തീർണ്ണം വർദ്ധിപ്പിക്കൽ എന്നിവ സംബന്ധിച്ച് കെട്ടിട ഉടമകൾ നൽകിയ 172ഓളം ഫോം 9B അപേക്ഷകൾ പഞ്ചായത്തിൽ ലഭ്യമായിട്ടുണ്ടെങ്കിലും ആയതിൽ നാളിതു വരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. ഫീൽഡ് സ്റ്റാഫിനെ നിയമിച്ച് കെട്ടിട ഉടമകൾ നൽകിയ 9B അപേക്ഷകളിൽ തുടർ നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്തിലെ മറ്റു കെട്ടിടങ്ങൾ പരിശോധിച്ച് കൂട്ടിച്ചേർക്കലുകളോ, ഉപയോഗ ക്രമത്തിലെ വ്യത്യാസമോ, അനധികൃത നിർമ്മാണങ്ങളോ ഉണ്ടെങ്കിൽ ആയവ കണ്ടെത്തി തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്ത് പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**അനധികൃത കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നതിലെ പുരോഗതി**

സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിൽ 11 അനധികൃത കെട്ടിടങ്ങളുണ്ട്. ടി കെട്ടിടങ്ങൾക്ക് യു.എ നമ്പർ നൽകി മൂന്നിരട്ടി ഫീസ് ഈടാക്കി വരുന്നുണ്ട്. പഞ്ചായത്ത് പ്രദേശത്ത് അനധികൃത കെട്ടിട നിർമ്മാണങ്ങളും, നിലവിലുള്ള കെട്ടിടങ്ങളിലെ അനധികൃത കൂട്ടിച്ചേർക്കലുകളും വ്യാപകമായി നടന്നുവരുന്നുണ്ട്. കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്.

**നികുതിയേതര വരവുകൾ**

ലൈസൻസ് ഫീസ്, വാടക, ബിൽഡിംഗ് പെർമിറ്റ് ഫീസ്, ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ്, മാർക്കറ്റ് ഫീസ് എന്നിവയാണ് പ്രധാനപ്പെട്ട നികുതിയേതര വരവുകൾ. അവയുടെ പിരിവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വരവിനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| ലൈസൻസ് ഫീസ് | 476900 | 476900 | 0 |
| വാടക | 888320 | 835684 | 49400 |
| ബിൽഡിംഗ് പെർമിറ്റ് ഫീസ് | 185725 | 185725 | 0 |
| ബിൽഡിംഗ് റഗുലറൈസേഷൻ ഫീസ് | 83797 | 83797 | 0 |
| മാർക്കറ്റ് ഫീസ് | 646000 | 646000 | 0 |

മാർക്കറ്റ് ഫീസ് ഒഴികെയുള്ള നികുതിയേതര വരുമാനത്തിലെല്ലാം തന്നെ മുൻ വർഷത്തെക്കാൾ പിരിവ് പുരോഗതി ഉണ്ടായിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിലുള്ള

എല്ലാ വാണിജ്യ-വ്യാപാര സ്ഥാപനങ്ങളും ലൈസൻസ് പരിധിയിൽ വരുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള റേഷൻകടകളെയെല്ലാം തന്നെ ലൈസൻസ് പരിധിയിൽ കൊണ്ട് വരേണ്ടതാണ്.

## 1-12 പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. തൻമൂലം അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും നിയമ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കാതെ വരുന്നു. 2023-24 വർഷം പ്രാബല്യത്തിൽ വന്ന വസ്തുനികുതി പരിഷ്കരണത്തിന്റെ ഭാഗമായി കെട്ടിടങ്ങളുടെ വിവരശേഖരണം നടത്തിയവേളയിൽ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ 9 ബി ഫാറത്തിൽ നൽകിയവരുടെ എണ്ണം 172 ആണ്. ഗ്രാമപഞ്ചായത്തിൽ അനധികൃത നിർമ്മാണങ്ങൾ യഥേഷ്ടം നടക്കുന്നുണ്ടെങ്കിലും ആയത് യഥാസമയം കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിലും തുടർനടപടികൾ സ്വീകരിക്കുന്നതിലും വീഴ്ചയുണ്ടാകുന്നുവെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്.

അനധികൃത നിർമ്മാണങ്ങൾ റിപ്പോർട്ട് ചെയ്യുന്ന തീയതി മുതൽ മാത്രമാണ് കേരള പഞ്ചായത്ത് രാജ് നിയമം 235 എഎ പ്രകാരം വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക ഈടാക്കാനാവൂ എന്നിരിക്കെ അനധികൃത നിർമ്മാണങ്ങൾ യഥാസമയം കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-13 ടർഫിന്റെ വസ്തു നികുതി നിർണ്ണയിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ 14-ാം വാർഡിൽ ഒരു ടർഫ് പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇതിന്റെ വസ്തു നികുതി നാളിതുവരെ നിർണ്ണയിച്ചിട്ടില്ല. 2023 ലെ വസ്തുനികുതി പരിഷ്ക്കരണം ഉത്തരവ് പ്രകാരം ടർഫുകൾക്ക് ബാധകമായ നികുതി നിരക്ക് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ടർഫിന്റെ നികുതി നിർണ്ണയം നടത്തേണ്ടതാണ്.

## 1-14 ലൈസൻസ് പിരിവ്- അപാകതകൾ

2022-23 സാമ്പത്തിക വർഷം ലൈസൻസ് അനുവദിച്ചത് സംബന്ധിച്ച രേഖകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ പറയുന്ന സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികളും വ്യാപാരങ്ങളും സംരംഭക പ്രവർത്തനങ്ങളും മറ്റ് സേവനങ്ങളും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് എടുത്തിട്ടില്ല.

| ക്രമ നം | വാർഡ് നം/കെട്ടിട നം. | സ്ഥാപനത്തിന്റെ വിവരങ്ങൾ. |
|---|---|---|
| 1 | 14/496 | സ്ററാർ ലൈററ് എഡിററിംഗ് സ്ഥാപനം. |
| 2 | 14/79A | കുടുംബശ്രീ ഹോട്ടൽ. |
| 3 | 14 | അക്ഷയകേന്ദ്രം.കുളനട. |
| 4 | 14/336A | പോപ്പുലർ വെഹിക്കിൾ സർവീസസ് |
| 5 | 14/336 | മഹാദേവ എഞ്ചിനീയറിംഗ് സ്ഥാപനം |

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിന് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്

11.റേഷൻ കടകളുടെ ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ലൈസൻസ് ചട്ടങ്ങൾ പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോകൾ പഞ്ചായത്തിൽനിന്ന് ലൈസൻസ് എടുത്ത് പ്രവർത്തിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ 18 റേഷൻ കടകൾ പ്രവർത്തിക്കുന്നതിൽ 10 എണ്ണം ലൈസൻസ് എടുത്തിട്ടുണ്ട്. അവശേഷിക്കുന്ന 8 റേഷൻകടകളിൽ നിന്നുകൂടി ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്.

## 1-15 രജിസ്ട്രേഷനില്ലാതെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1999- ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം 3(1) പ്രകാരം ഒരു ഗ്രാമപ്പഞ്ചായത്തിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെ, ആ ഗ്രാമപ്പഞ്ചായത്തിന്റെ ഭൂപ്രദേശത്തിനുള്ളിൽ യാതൊരു ട്യൂട്ടോറിയൽ സ്ഥാപനവും സ്ഥാപിക്കാൻ പാടുള്ളതല്ല. ഇത്തരത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ ചട്ടം 5 പ്രകാരം ഓരോ സാമ്പത്തിക വർഷവും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഇതിനു വിരുദ്ധമായി ട്യൂട്ടോറിയൽ സ്ഥാപനം പരിപാലിക്കുകയോ നടത്തുകയോ ചെയ്യുന്ന ഏതൊരാൾക്കും എതിരെ ആയിരം രൂപ വരെയുള്ള പിഴശിക്ഷയും കുറ്റം തുടരുന്ന ഓരോ ദിവസത്തിനും നൂറ് രൂപാ വരെയാകാവുന്ന അധിക പിഴശിക്ഷയും നൽകി ശിക്ഷിക്കപ്പെടാവുന്നതാണ്. ചുവടെ ചേർത്തിട്ടുള്ള സ്ഥാപനങ്ങൾ ചട്ട പ്രകാരമുള്ള രജിസ്ട്രേഷൻ ഇല്ലാതെയാണ് ഓഡിറ്റ് വർഷം പ്രവർത്തിച്ചിട്ടുള്ളത്.

1.സ്റ്റുഡന്റ്സ് അക്കാഡമി, കുളനട.

2.സ്ട്രിക്റ്റ് ട്യൂഷൻ സെന്റർ, ഞെട്ടൂർ.

ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ട്യൂട്ടോറിയൽ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലേല നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിയില്ല.

ഓഡിററ് കാലയളവിലെ ജനറൽ കമ്മറ്റി മിനിട്ട്സ് പരിശോധിച്ചതിൽ നിന്നും ചുവടെ ചേർത്തിട്ടുള്ള ഇനങ്ങൾ ലേലം ചെയ്യാൻ തീരുമാനമെടുത്തിട്ടുള്ളതാണ്.

| ക്രമ നം. | കമ്മിററി തീയതി | തീരുമാന നം. | തീരുമാനം | നടപ്പിലാക്കേണ്ട ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | 29.4.22 | 3 | കൈപ്പുഴ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ തെക്കുവശം പഞ്ചായത്ത് പുറമ്പോക്കിൽ അപകടകരമായി നിൽക്കുന്ന തേക്കു മരത്തിന്റെ ലേലം | സെക്രട്ടറി |
| 2 | 10.6.22 | 1 | പഞ്ചായത്ത് സ്ക്കൂൾ പരിസരത്ത് അപകടകരമായി നിൽക്കുന്ന മരങ്ങളുടെ ലേലം | സെക്രട്ടറി |
| 3 | 10.6.22 | 1 | ശിശുവിഹാർ പരിസരത്ത് അപകടകരമായി നിൽക്കുന്ന തെങ്ങുകളുടെ ലേലം | സെക്രട്ടറി |
| 4 | 10.6.22 | 1 | പനങ്ങാട് M.D.L.P സ്ക്കൂളിനു മുമ്പിൽ പഞ്ചായത്ത് പുറമ്പോക്കിൽ അപകടകരമായി | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | | | നിൽക്കുന്ന ബദാംമര ലേലം | |
| 5 | 10.6.22 | 1 | 20ം വാർഡിൽ അയന്തി കോളനി അങ്കണവാടി (17) കെട്ടിടത്തിനു മുകളിലേക്ക് ചാഞ്ഞു നിൽക്കുന്ന രണ്ടു പ്ലാവിന്റെ ശീഖരങ്ങളുടെ ലേലം | സെക്രട്ടറി |
| 6 | 5.7.22 | 2 | ഗവൺമെന്റ് LP.സ്ക്കൂൾ തുമ്പമൺ നോർത്ത് കെട്ടിടത്തിനു ചുറ്റും അപകടകര മായി നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റി ലേലം ചെയ്യൽ | സെക്രട്ടറി |
| 7 | 5.7.22 | 3 | ഉളനാട് പാണൽ വാർഡിൽ പുറമ്പോക്ക് ഭൂമിയിലെ പ്ലാവും ആഞ്ഞിലിയുടെയും ലേലം | സെക്രട്ടറി |
| 8 | 3.9.22 | 1 | ഉളനാട് പോളച്ചിറയിലെ പകൽ വീടിനു സമീപമുള്ള മരങ്ങളുടെ ശീഖരം മുറിച്ചതിന്റെ ലേലം | സെക്രട്ടറി |
| 9 | 28.11.22 | 2 | 23ാം അങ്കണവാടി കെട്ടിടത്തോട് ചേർന്നു നിൽക്കുന്ന നെല്ലിമര ശിഖരങ്ങൾ മുറിച്ചു മാറ്റി ലേലം ചെയ്യൽ | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| 10 | 28.11.22 | 3 | ഗ്രാമ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ തേക്കു മരലേലം . | സെക്രട്ടറി |
| 11 | 12.12.22 | 1 | അമ്പലക്കടവ് ജംഗ്ഷനു സമീപം ഗ്രാമ പഞ്ചായത്തു വഴിയിൽ ഗതാഗത തടസ്സമായി നിൽക്കുന്ന പുളിമരത്തിന്റെ ലേലം | സെക്രട്ടറി |
| 12 | 21.1222 | 3 | ഗവ. മൃഗാശുപത്രി കെട്ടിടത്തിനും മതിലിനുമിടയിൽ നിൽക്കുന്ന രണ്ട് പാഴ്മരങ്ങളുടെ ലേലം | സെക്രട്ടറി |
| 13 | 29.4.22 | 3 | P.H.C കോമ്പൗണ്ടിലെ തെങ്ങുകളുടെ മേലാദായ ലേലം | സെക്രട്ടറി |
| 14 | 14.10.22 | 1 | 15-ാം വാർഡിൽ മുടപ്പന നരിയത്ത് മുട്ടത്ത് മുട്ടി ചെരുവിൽ റോഡിനോട് ചേർന്നുള്ള വയലിലെ കേടു വന്ന മൂന്ന് തെങ്ങിന്റെ ലേലം | സെക്രട്ടറി |

എന്നാൽ പ്രസ്തുത ലേല നടപടികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-14 തീയതി 01.02.2023) തുടർ നടപടി സ്വീകരിക്കുന്നതാണെന്ന മറുപടി സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്. തുടർ നടപടി വിശദാംശം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

## 1-17 തൊഴിൽ നികുതി പിരിവ് കാര്യക്ഷമമല്ല.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനവും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. പഞ്ചായത്ത് പരിധിയിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പൂർണ്ണമായും നികുതി പിരിവ് നടത്തുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | ചെങ്ങന്നൂർ നിധി ലിമിറ്റഡ്, കുളനട | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | പോപ്പുലർ വെഹിക്കൾ സർവീസസ്, കുളനട | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | അക്ഷയ സെന്റർ, കുളനട | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 13, 15.11.2023) മറുപടിയായി ടി സ്ഥാപനങ്ങൾക്ക് അടിയന്തിരമായി നോട്ടീസ് നല്കി നികുതി പിരിച്ചെടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

ബി) 2022-23 സാമ്പത്തിക വർഷം കരാർ വർക്കുകൾ എറ്റെടുത്തു ചെയ്ത കരാറുകാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | ഗിരീഷ് വർമ്മ |
| 2 | ബിനോയ് വർഗീസ് |
| 3 | ഷാജഹാൻ എം |
| 4 | രാജശേഖര കുറുപ്പ് |
| 5 | മുഹമ്മദ് ഷെരീഫ് |
| 6 | ഷാജഹാൻ എം |
| 7 | അനൂപ് ജി |
| 8 | ഷാജു തോമസ് |
| 9 | സുദർശനൻ ആർ |

സി) സ്വയം തൊഴിൽ ചെയ്യുന്നവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സമ്പൂർണ്ണ ഡാറ്റാബേസ് തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(നം-13/15.11.2023) മറുപടി നല്കിയിട്ടുണ്ട്. തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി ഡിമാൻഡിലേക്ക് കൊണ്ടുവരേണ്ടതും ഈ ഇനത്തിലുള്ള നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 ലൈഫ് ജനറൽ പദ്ധതിയിൽ 15 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചില്ല

### A) ലൈഫ് ജനറൽ

ലൈഫ് ഭവന നിർമ്മാണം (ജനറൽ) പദ്ധതിയിൽ 2022-23 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട 82 ഗുണഭോക്താക്കളിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ടുകൾ ലഭ്യമാക്കി 40 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്. 27 ഗുണഭോക്താക്കൾ മൂന്നു ഗഡുക്കൾ വാങ്ങുകയും ഭവന നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഏതാനും ഗുണഭോക്താക്കൾ ആദ്യ രണ്ടു ഗഡുവോ ഒരു ഗഡുവോ മാത്രം വാങ്ങുകയും ഭവന നിർമ്മാണം തുടരാത്ത അവസ്ഥയിലാണെന്നും കണ്ടു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ജനറൽ വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ | 82 |
| ഭവന നിർമ്മാണം പൂർത്തീകരിച്ചവർ (നാലു ഗഡു) | 40 |
| മൂന്നു ഗഡു തുക വാങ്ങിയവർ | 27 |
| രണ്ടു ഗഡു തുക വാങ്ങിയവർ | 11 |
| ആദ്യ ഗഡു മാത്രം വാങ്ങിയവർ | 4 |

ആദ്യ ഗഡുവും രണ്ടാമത്തെ ഗഡുവും മാത്രം വാങ്ങിയ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നും ഇവർക്ക് അവസാന ഗഡുക്കൾ നൽകാത്തതിനുള്ള കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് എൻക്വയറി (നം.16/15.11.2023) നൽകിയിരുന്നു. ആയതിനുള്ള മറുപടി ലഭ്യമാക്കിയതും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | തങ്കമ്മ P.C, വന്ദനം, പനങ്ങാട് P.O, | 40000 (24.01.2023) | 200000 | ഉടൻ നിർമ്മാണം |

| | | | | |
|---|---|---|---|---|
| | വാർഡ് 14 | 160000 (27.02.2023) | | ആരംഭിക്കും. |
| 2 | പൊടിയമ്മ,ഇളവിന്റെ പടിഞ്ഞാറ്റേതിൽ, തുമ്പമൺ താഴം , വാർഡ് 8 | 40000 (25.01.2023) | 360000 | തുക തിരികെ അടച്ചു |
| 3 | റെജൂല, പുതുപറമ്പിൽ, മാന്തുക P.O വാർഡ് -1 | 40000 (30.01.2023) 160000 (05.04.2023) | 200000 | ലിന്റൽ വരെ നിർമ്മാണം പൂർത്തിയാക്കി. സാമ്പത്തിക പരാധീനത കാരണം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| 4 | ലക്ഷ്മിക്കുട്ടി, മലയുടെ വടക്കേതിൽ, കൈപ്പുഴ നോർത്ത്, വാർഡ് -5 | 40000 (01.02.2023) 160000 (03.04.2023) | 200000 | ഉടൻ നിർമ്മാണം ആരംഭിക്കും. |
| 5 | അമ്മിണിയമ്മ, ചിറക്കരോട്ട്, ഉളനാട്, വാർഡ് -7 | 40000 (10.02.2023) | 360000 | മണ്ണ് എടുക്കുന്നതിനുള്ള കാലതാമസം കാരണം വീട് പണി താമസിക്കുന്നു. |
| 6 | രവീന്ദ്രൻ നായർ, തെക്കേടത്ത് കിഴക്കേതിൽ, പനങ്ങാട് P.O , വാർഡ് 12 | 40000 (13.02.2023) 160000 (10.04.2023) | 200000 | ഗുണഭോക്താവ് മരണപ്പെട്ടു. |
| 7 | K T ശിവരാമൻ, കുമരം കണ്ടത്തിൽ, കൈപ്പുഴ നോർത്ത്, വാർഡ് 5 | 40000 (14.02.2023) 160000 (24.04.2023) | 200000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 8 | P.K ഗോപാലകൃഷ്ണ കുറുപ്പ്, പിണയം കണ്ടത്തിൽ വടക്കേതിൽ, കുളനട, വാർഡ് 16 | 40000 (16.02.2023) | 360000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 9 | ഉദയൻ, മലയുടെ വടക്കേതിൽ, കൈപ്പുഴ നോർത്ത് P.O, വാർഡ് 5 | 40000 (25.02.2023) 160000 (09.10.2023) | 200000 | ഫണ്ട് ഇല്ലാത്തതിനാൽ അടുത്ത ഗഡു നൽകിയിട്ടില്ല. |
| 10 | പുഷ്പലത, അജിത്ത് ഭവൻ, കൈപ്പുഴ നോർത്ത്, വാർഡ് 7 | 40000 (27.02.2023) 160000 (26.06.2023) | 200000 | ലിന്റൽ വരെ നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണം നടക്കുന്നു. |
| 11 | ശോഭ സി, പിള്ളവിളയിൽ, കുളനട പി.ഒ, വാർഡ് -14 | 40000 (01.03.2023) 160000 (05.07.2023) | 200000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 12 | ജയശ്രീ, തേക്കാട്ടിൽ, തുമ്പമൺ താഴം P.O, വാർഡ് -10 | 40000 (14.03.2023) 160000 (29.05.2023) | 200000 | ലിന്റൽ വരെ നിർമ്മാണം പൂർത്തിയാക്കി. നിർമ്മാണം നടക്കുന്നു. |
| 13 | ചന്ദ്രിക, മഹേഷ് ഭവനം, കൈപ്പുഴ നോർത്ത് പി ഒ, വാർഡ് - 5 | 40000 (05.04.2023) 160000 (04.09.2023) | 200000 | നിർമ്മാണം നടക്കുന്നു. |
| 14 | അനന്ത കൃഷ്ണൻ ,കൊല്ലന്റെ മേലേതിൽ, പനങ്ങാട് P.O , വാർഡ് - 12 | 40000 (24.04.2023) | 360000 | മണ്ണ് എടുക്കുന്നതിനുള്ള കാലതാമസം കാരണം വീട് പണി താമസിക്കുന്നു. |
| 15 | ഗോപി സി കെ, ചാങ്ങിഴേത്ത്, ഉളനാട് | 40000 (12.06.2023) | 200000 | ഫണ്ട് ഇല്ലാത്തതിനാൽ അടുത്ത ഗഡു |

| | | | | |
|---|---|---|---|---|
| | വാർഡ് 11 | 160000 (03.10.2023) | | നൽകിയിട്ടില്ല. |

**B) ലൈഫ് ഫേസ് -3 യിലെ ഗുണഭോക്താവ് ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

2019- 20 ൽ ആരംഭിച്ച ലൈഫ് (ജനറൽ) ഫേസ് -3 ൽ 16 ഗുണഭോക്താക്കൾക്കു വിഹിതം നൽകിയതിൽ 15 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഒരു ഗുണഭോക്താവ് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ലിന്റൽ വരെ നിർമ്മാണം പൂർത്തിയാക്കിയെന്നും സാമ്പത്തിക പരാധീനത കാരണം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്നുമാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്.

| ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക |
|---|---|---|
| ശശികല, കൊച്ചു പ്ലാവു നിർക്കുന്നതിൽ ,<br>ഉളനാട്. വാർഡ് -5 | 100000 (27.11.2020)<br>100000 (20.12.2021) | 200000 |

ലൈഫ് (ജനറൽ) പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാത്ത 15 ഗുണഭോക്താക്കളുടെ നിലവിലെ അവസ്ഥ മേൽ പട്ടികയിൽ വിവരിച്ചിട്ടുണ്ട്. സാമ്പത്തിക പരാധീനതകൾ, മണ്ണെടുത്തു മാറ്റുന്നതിലെ കാലതാമസം, ഫണ്ടുകളുടെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ ഭവന നിർമ്മാണം നിലച്ചു പോയ കുടുംബങ്ങൾക്കായി ഭരണസമിതി തലത്തിൽ അടിയന്തിര പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. വിവിധ സ്പോൺസർഷിപ്പുകൾ മുഖേനയും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ മുഖേനയും തുടർ നിർമ്മാണത്തിനായുള്ള ഫണ്ട് കണ്ടെത്തേണ്ടത് മുടങ്ങിക്കിടക്കുന്ന ഭവനനിർമ്മാണങ്ങൾക്ക് അത്യാവശ്യമാണ്. ഇതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-19 ലൈഫ് SCP പദ്ധതിയിലെ 20 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

ലൈഫ് ഭവന നിർമ്മാണം (SCP) പദ്ധതിയിൽ 2022-23 ൽ എഗ്രിമെന്റിൽ ഏർപ്പെട്ട 50 ഗുണഭോക്താക്കളിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ടുകൾ ലഭ്യമാക്കി 22 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ആയത് അഭിനന്ദനാർഹമാണ്. 14 ഗുണഭോക്താക്കൾ മൂന്നു ഗഡുക്കളും വാങ്ങുകയും നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഏതാനും ഗുണഭോക്താക്കൾ ആദ്യ രണ്ടു ഗഡുവോ ഒരു ഗഡുവോ മാത്രം വാങ്ങുകയും ഭവന നിർമ്മാണം തുടരാത്ത അവസ്ഥയിലാണെന്നും കണ്ടു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ SCP വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ (2022-23) | 50 |
| ഭവന നിർമ്മാണം പൂർത്തീകരിച്ചവർ (നാലു ഗഡു) | 22 |
| മൂന്നു ഗഡു തുക വാങ്ങിയവർ | 14 |
| രണ്ടു ഗഡു തുക വാങ്ങിയവർ | 6 |

| | |
|---|---|
| ആദ്യ ഗഡു മാത്രം വാങ്ങിയവർ | 8 |

ആദ്യ ഗഡുവും രണ്ടാമത്തെ ഗഡുവും മാത്രം വാങ്ങിയ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നും ഇവർക്ക് അവസാന ഗഡുക്കൾ നൽകാത്തതിനുള്ള കാരണം വിശദമാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് എൻക്വയറി (നം.17/15.11.2023) നൽകിയിരുന്നു. ആയതിനുള്ള മറുപടി ലഭ്യമാക്കിയത് ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ജാനമ്മ, പുത്തൻപുര മേലേതിൽ, തുമ്പമൺ നോർത്ത്, വാർഡ് -8 | 40000 (16.01.2023) | 360000 | മണ്ണ് എടുക്കുന്നതിനുള്ള കാലതാമസം കാരണം വീട് പണി താമസിക്കുന്നു. |
| 2 | മധു, മംഗലത്തിൽ തടത്തിൽ, കുളനട, വാർഡ്- 5 | 40000 (30.01.2023) | 360000 | മണ്ണ് എടുക്കുന്നതിനുള്ള കാലതാമസം കാരണം വീട് പണി താമസിക്കുന്നു. |
| 3 | വിജി, വാഴുവേലിൽ മണ്ണിൽ, കുളനട, വാർഡ് -1 | 40000 (06.02.2023) 160000 (12.04.2023) | 200000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 4 | കുട്ടി, മുളമൂട്ടിൽ, കൈപ്പുഴ നോർത്ത്, വാർഡ് -5 | 40000 (07.02.2023) 160000 (24.07.2023) | 200000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 5 | വിഷ്ണു മനോഹരൻ, വിഷ്ണു ഭവനം , തുമ്പമൺ നോർത്ത്. | 40000 (07.02.2023) 160000 (13.07.2023) | 200000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 6 | രഘുനാഥൻ, ചെട്ടിയാവിളയിൽ, കുളനട, വാർഡ് 14 | 40000 (10.02.2023) | 360000 | സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം തുടർന്നില്ല. |

| | | | | |
|---|---|---|---|---|
| 7 | സുരേഷ് കുമാർ, രാജേന്ദ്രാലയം, തുമ്പമൺ താഴം, വാർഡ്- 8 | 40000 (24.02.2023) 160000 (20.06.2023) | 200000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 8 | രാമചന്ദ്രൻ വി.റ്റി, വട്ടകാവുംങ്കൽ, ഉളനാട്, വാർഡ് -8 | 40000 (06.03.2023) 160000 (21.07.2023) | 200000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 9 | സനോജ്, വടക്കേ കാളുവാലിൽ, ഉളനാട് പി.ഒ, വാർഡ് -7 | 40000 (25.03.2023) | 360000 | സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം തുടർന്നില്ല. |
| 10 | സരസ കെ, മുട്ടാണിമേമുറിയിൽ, തുമ്പമൺ നോർത്ത്, വാർഡ് 9 | 40000 (18.04.2023) | 360000 | സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം തുടർന്നില്ല. |
| 11 | രാജമ്മ, പുത്തൻപറമ്പിൽ കിഴക്കേതിൽ, ഉള്ളന്നൂർ P.O, വാർഡ് -4 | 40000 (19.04.2023) | 360000 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. |
| 12 | സുമ ,മംഗലത്തിൽ തടത്തിൽ, കുളനട, വാർഡ് 5 | 40000 (24.04.2023) | 360000 | മണ്ണ് എടുക്കുന്നതിനുള്ള കാലതാമസം കാരണം വീട് പണി താമസിക്കുന്നു. |
| 13 | ചന്ദ്രൻ ,ഇടവട്ടത്ത് കൊച്ചയ്യത്ത്, പനങ്ങാട്, വാർഡ് -6 | 40000 (17.05.2023) | 360000 | സാമ്പത്തിക ബുദ്ധിമുട്ട് കാരണം നിർമ്മാണം തുടർന്നില്ല. |
| 14 | പൊന്നമ്മ, പാലയ്ക്കും പൊയ്കയിൽ, ഉളനാട്, വാർഡ് -7 | 40000 (25.05.2023) 160000 (13.11.2023) | 200000 | ഫണ്ട് ഇല്ലാത്തതിനാൽ അടുത്ത ഗഡു നൽകിയിട്ടില്ല. |

B) ലൈഫ് ഫേസ് -3 യിലെ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

2019- 20 ൽ ആരംഭിച്ച ലൈഫ് (SCP) ഫേസ് -3 യിൽ ഭവന നിർമ്മാണത്തിനു 16 ഗുണഭോക്താക്കൾക്കു വിഹിതം നൽകിയിരുന്നു. ഇതിൽ 10 ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ താഴെ പറയുന്ന അഞ്ചു ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | ചന്ദ്രബാബു, മണകുളങ്ങര മേലേതിൽ, വാർഡ് -16 | 100000 (11.12.2020) 100000 (28.12.2020) 100000 (26.03.2022) | 100000 | പഞ്ചായത്ത് സ്ഥലം നൽകിയിരുന്നു. ലിന്റൽ വരെ നിർമ്മാണം നടത്തി. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടു കാരണം തുടർനിർമ്മാണം നടത്തിയിട്ടില്ല. |
| 2 | രാജി ആർ, മുകുടിയിൽ രേഖ ഭവനം, വാർഡ് 9 | 100000 (24.07.2020) | 300000 | റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു. |
| 3 | രജിത, മുകുടിയിൽ ,ഇലവുംതിട്ട, വാർഡ് -9 | 100000 (11.02.2020) | 300000 | റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചു. |
| 4 | പ്രജി, വാലുപറമ്പിൽ,ഉള്ളന്നൂർ, വാർഡ് -3 | 100000 (15.06.2020) 150000 (14.09.2020) 100000 (19.10.2022) | 50000 | പഞ്ചായത്ത് സ്ഥലം നൽകിയിരുന്നു. നിലവിൽ നിർമ്മാണം നടക്കുന്നതായി അറിയിച്ചു. |
| 5 | രതീഷ് M R, മക്കോട്ടു മുകുടിയിൽ , വാർഡ് - 11 | 35282 (04-11-2020) | 190000 | ലിന്റൽ വരെ നിർമ്മാണം നടത്തി. എന്നാൽ |

| | | | | |
|---|---|---|---|---|
| | | 64718 (04-11-2020)<br>110000 (03-03-2022) | | സാമ്പത്തിക ബുദ്ധിമുട്ടു കാരണം പണി ആരംഭിച്ചിട്ടില്ല. |
| 6 | രാജേഷ് ,അമ്മൂമ്മ കാവിൽ മേലേതിൽ, മാന്തുക, വാർഡ് -2 | 40000 (08-07-2022) | 360000 | SC വകുപ്പ് സ്ഥലം വാങ്ങി നൽകിയിരുന്നു. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടു കാരണം പണി ആരംഭിച്ചിട്ടില്ല. |

ലൈഫ് (SCP) പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാത്ത 20 ഗുണഭോക്താക്കളുടെ നിലവിലെ അവസ്ഥ മേൽ പട്ടികകളിൽ വിവരിച്ചിട്ടുണ്ട്. സാമ്പത്തിക പരാധീനതകൾ, മണ്ണെടുത്തു മാറ്റുന്നതിലെ കാലതാമസം, ഫണ്ടുകളുടെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ ഭവന നിർമ്മാണം നിലച്ചു പോയ കുടുംബങ്ങൾക്കായി ഭരണസമിതി തലത്തിൽ അടിയന്തിര പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. വിവിധ സ്പോൺസർഷിപ്പുകൾ മുഖേനയും ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ മുഖേനയും തുടർ നിർമ്മാണത്തിനായുള്ള ഫണ്ട് കണ്ടെത്തേണ്ടത് മുടങ്ങിക്കിടക്കുന്ന ഭവനനിർമ്മാണങ്ങൾക്ക് അത്യാവശ്യമാണ്. ഇതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-20 ലൈഫ് SCP(അഡീഷണൽ) പദ്ധതിയിലെ 6 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

ലൈഫ് ഭവന നിർമ്മാണം (SCP-അഡീഷണൽ) പദ്ധതിയിൽ 2020-21 മുതൽ എഗ്രിമെന്റിൽ ഏർപ്പെട്ടു വന്നിരുന്ന 82 ഗുണഭോക്താക്കളിൽ വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ടുകൾ ലഭ്യമാക്കി 67 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 5 ഗുണഭോക്താക്കൾ മൂന്നു ഗഡുക്കളും വാങ്ങുകയും നിർമ്മാണത്തിന്റെ അവസാന ഘട്ടത്തിലാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഏതാനും ഗുണഭോക്താക്കൾ ആദ്യ രണ്ടു ഗഡുവോ ഒരു ഗഡുവോ മാത്രം വാങ്ങുകയും ഭവന നിർമ്മാണം തുടരാത്ത അവസ്ഥയിലാണെന്നും കണ്ടു. പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ SCP വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ (2021-22 മുതൽ) | 82 |
| ഭവന നിർമ്മാണം പൂർത്തീകരിച്ചവർ (നാലു ഗഡു) | 67 |
| മൂന്നു ഗഡു തുക വാങ്ങിയവർ | 5 |
| രണ്ടു ഗഡു തുക വാങ്ങിയവർ | 5 |

| | |
|---|---|
| ആദ്യ ഗഡു മാത്രം വാങ്ങിയവർ | 5 |

ആദ്യ ഗഡുവും രണ്ടാമത്തെ ഗഡുവും മാത്രം വാങ്ങിയ ഗുണഭോക്താക്കളുടെ പേരു വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഇവരിൽ 10/2023 ൽ ആദ്യ ഗഡു വാങ്ങിയ രണ്ടു ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടില്ല. 06/2023 ലും 11/2023 ൽ രണ്ടാം ഗഡു വാങ്ങിയ രണ്ടു ഗുണഭോക്താക്കളെയും ഉൾപ്പെടുത്തിയിട്ടില്ല.

ഈ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണെന്നും ഇവർക്ക് അവസാന ഗഡുക്കൾ നൽകാത്തതിനുള്ള കാരണം വിശദമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർക്ക് എൻക്വയറി (നം.18/15.11.2023) നൽകിയിരുന്നു. ആയതിനുള്ള മറുപടി ലഭ്യമാക്കിയതും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | അവശേഷിക്കുന്ന തുക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 1 | പ്രസാദ്. ചക്കുവള്ളിയിൽ ,മാന്തുക വാർഡ് -1 | 40000 (രേഖപ്പെടുത്തിയിട്ടില്ല.) 160000 (17.02.2022) | 200000 | ലിന്റൽ വരെ നിർമ്മാണം പൂർത്തിയാക്കി. സാമ്പത്തിക പരാധീനത കാരണം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| 2 | സജി റ്റി ബി, ചിഞ്ചു ഭവനം, ഉളനാട് പി.ഒ, വാർഡ് - 7 | 40000 (11.02.2022) | 360000 | സാമ്പത്തിക പരാധീനത കാരണം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| 3 | അംബിക, ഗിരീഷ് ഭവനം, ഉള്ളന്നൂർ P.O, വാർഡ് - 3 | 40000 (16.02.2022) 160000 (20.09.2022) | 200000 | സാമ്പത്തിക പരാധീനത കാരണം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. |

| | | | | |
|---|---|---|---|---|
| 4 | രാധാമണി. ചീങ്കല്ലുപുറത്ത് ഇടപ്പുര, പനങ്ങാട് പി.ഒ , വാർഡ് -12 | 40000 (30.07.2022) | 360000 | സാമ്പത്തിക പരാധീനത കാരണം നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. തുക തിരികെ അടയ്ക്കാൻ തയ്യാറാണെന്ന് അറിയിച്ചു. |
| 5 | നിഥിൻ, നിഥിൻ ഭവനം, കുളനട, വാർഡ് -03 | 40000 (24.08.2022) | 360000 | അടുത്ത ഗഡു നൽകുന്നതിനു ഫണ്ട് ലഭ്യമല്ല. |
| 6 | ശ്രീകല, കൊച്ചു തുണ്ടിൽ, മാന്തുക പി.ഒ വാർഡ് -02 | 40000 (07.12.2022) 160000 (15.03.2023) | 200000 | ലിന്റൽ വരെ പൂർത്തിയായി. നിർമ്മാണം നടക്കുന്നുണ്ട്. |

ലൈഫ് (SCP) അഡീഷണൽ പദ്ധതിയിൽ നിർമ്മാണം പൂർത്തീകരിക്കാത്ത 6 ഗുണഭോക്താക്കളുടെ നിലവിലെ അവസ്ഥ മേൽ ടേബിളിൽ വിവരിച്ചിട്ടുണ്ട്. സാമ്പത്തിക പരാധീനതകൾ, ഫണ്ടുകളുടെ അപര്യാപ്തത തുടങ്ങിയ കാരണങ്ങളാൽ ഭവന നിർമ്മാണം നിലച്ചു പോയ കുടുംബങ്ങൾക്കായി ഭരണസമിതി തലത്തിൽ അടിയന്തിര പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. വിവിധ സ്പോൺസർഷിപ്പുകൾ മുഖേനയും ജില്ലാ പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് എന്നീ സ്ഥാപനങ്ങൾ മുഖേനയും തുടർ നിർമ്മാണത്തിനായുള്ള ഫണ്ട് കണ്ടെത്തേണ്ടത് മുടങ്ങിക്കിടക്കുന്ന ഭവനനിർമ്മാണങ്ങൾക്ക് അത്യാവശ്യമാണ്. ഇതിനായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 മെയിന്റനൻസ് ഗ്രാന്റിനത്തിൽ 1.02 കോടി രൂപ ലാപ്സായി.

**A) മെയിന്റൻസ് ഗ്രാന്റ് അനുവദിച്ചതിൽ 1.02 കോടി രൂപ ലാപ്സായി.**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൻ വർഷം 61 പുതിയ പദ്ധതികളും 9 സ്പിൽ ഓവർ പദ്ധതികളുമായി ആകെ 70 പദ്ധതികൾക്ക് 2.45 കോടി രൂപ വകയിരുത്തിയിരുന്നു. എന്നാൽ 68.85 ലക്ഷം രൂപ മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇതിൽ തന്നെ മെയിന്റൻസ് ഗ്രാന്റ് (റോഡ്) ആയി ലഭിച്ച തുകയിൽ 89.79 ലക്ഷം രൂപ ലാപ്സായിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. കണക്കുകൾ പ്രകാരം മെയിന്റനൻസ് ഗ്രാന്റിനത്തിൽ 1.02 കോടി രൂപ ലാപ്സായിട്ടുണ്ട്.

| | അലോട്ട്മെന്റ് തുക (A) | പദ്ധതികൾക്കായി വകയിരുത്തിയ തുക (B) | ചെലവഴിച്ച തുക (C) | ലാപ്സായ തുക (A)-(C) |
|---|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 11607000 | 12331760 | 2627317 | 8979683 |
| മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ് | 5144000 | AE- 2165000<br>Others- 2988634<br>Total-5153634 | AE- 876575<br>Others – 2972359<br>Total- 3848934 | 1295066 |
| **ആകെ** | **16751000** | | **6476251** | **1,02,74,749** |

തുക ചെലവഴിക്കാതെ വന്നതിന്റെ സാഹചര്യം അറിയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.26/16.11.2023) മറുപടിയായി പ്രൈസ് -3 ൽ എസ്റ്റിമേറ്റ് എടുക്കുന്നതിൽ ഉണ്ടായ സാങ്കേതിക തകരാർ കാരണം എസ്റ്റിമേറ്റുകൾ എടുക്കാൻ കാലതാമസം വന്നു എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. പല പ്രവൃത്തികളും ഇ- ടെണ്ടർ നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും കരാറുകാർ ഏറ്റെടുക്കാൻ തയ്യാറാകാത്തതിനാൽ പലതവണ ടെണ്ടർ / ക്വട്ടേഷനുകൾ ചെയ്യേണ്ടി വന്നതായും നടപടിക്രമങ്ങൾ പൂർത്തീയാക്കിയപ്പോഴേക്കും സാമ്പത്തിക വർഷം കഴിയാറായെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഇക്കാരണങ്ങളാൽ പദ്ധതി അടുത്ത സാമ്പത്തിക വർഷത്തേക്ക് സ്പിൽ ഓവറായി തുടരുന്നുവെന്നും അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനു മറുപടി നൽകി. ഒരു സാമ്പത്തിക വർഷത്തേക്കുള്ള പദ്ധതി പ്രവർത്തനങ്ങൾ മുൻകൂട്ടി വാർഷിക കലണ്ടർ തയ്യാറാക്കി നടപ്പാക്കേണ്ടത് തദ്ദേശ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ്. ആയതിലുള്ള വീഴ്ച കോടിക്കണക്കിനു രൂപയുടെ നഷ്ടത്തിനു കാരണമാകുന്നതാണ്. 2022-23 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ ചെലവഴിക്കേണ്ടിയിരുന്ന 1.02 കോടി രൂപ നഷ്ടമായതിലെ പ്രശ്നങ്ങൾ പരിശോധിച്ച് അടുത്ത സാമ്പത്തിക വർഷങ്ങളിൽ പരിഹാരനിർദ്ദേശങ്ങൾ നൽകുന്നതിനു ഭരണസമിതി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

**B) പദ്ധതികളുടെ വിശദാംശങ്ങൾ**

ആകെ 70 പദ്ധതികൾക്കു തുക വകയിരുത്തിയപ്പോൾ 31 പദ്ധതികൾക്ക് മാത്രമാണ് ഭാഗികമായോ പൂർണ്ണമായോ തുക ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളത്. പുതിയ 61 പദ്ധതികൾ ആവിഷ്കരിച്ചപ്പോൾ 25 എണ്ണത്തിനു മാത്രമാണ് തുക ചെലവഴിച്ചിട്ടുള്ളത്. സ്പിൽ ഓവർ പദ്ധതികളിൽ 3 എണ്ണം തൻ വർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തുക വകയിരുത്തിയത് (എണ്ണം) | ചെലവഴിച്ചത് (എണ്ണം) | ചെലവഴിക്കാത്തത് (എണ്ണം) | ചെലവ് ശതമാനം (%) |
|---|---|---|---|---|
| പുതിയ പദ്ധതികൾ | 61 | 25 | 36 | 40.98 |

| | | | | |
|---|---|---|---|---|
| സ്പിൽ ഓവർ പദ്ധതികൾ | 9 | 6 | 3 | 66.66 |
| **ആകെ** | **70** | **31** | **39** | **55.71** |

**C) സ്പിൽ ഓവർ പദ്ധതികൾ പൂർത്തീകരിക്കാത്തതു സംബന്ധിച്ച്**

താഴെ പറയുന്ന മൂന്നു സ്പിൽ ഓവർ പദ്ധതികൾക്ക് 9.84 ലക്ഷം രൂപ വകയിരുത്തിയിരുന്നെങ്കിലും ബിൽ തുക നൽകാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നമ്പർ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | എഗ്രിമെന്റ് നം/തീയതി, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക | കരാറുകാരൻ, കരാർ കാലാവധി |
|---|---|---|---|---|---|
| 1 | SO 32/2022-23, വലിയവിളയിൽ പടി മുള്ളൻപാറ ആൽത്തറ സൈഡ്കെട്ട് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -509250 | 0 | 89/AE/LSGD/KGP; 12.11.2019 □23000 | ശ്രീ ജിജി വർഗീസ്, 8 മാസം |
| 2 | SO 36/2022-23, ഇടകടവ് എടപ്പന ഫെയ്ത്ത് ഹോം പടി റീടാറിംഗ് | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -397851 | 0 | 10/AE/LSGD/KGP; 11.08.2021 □12000 | ശ്രീ വിനിത് കുമാർ, 9 മാസം |
| 3 | SO 40/2022-23, പൂക്കൈത റോഡ് ഐറിഷ് ഡ്രെയിൻ നിർമ്മാണം | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) -77500 | 0 | 52/AE/LSGD/KGP; 09.02.2022 □12500 | ശ്രീ ആനന്ദൻ പിള്ള 6 മാസം |
| | **ആകെ** | **□984601** | **0** | | |

ക്രമ നം 1,3 ലെ പ്രവൃത്തികൾ സൈറ്റിൽ തർക്കം ഉള്ളതിനാൽ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ക്രമ നം. 2 ലെ പ്രവൃത്തി CMLRRP പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യിട്ടുള്ളതിനാൽ കമ്മിറ്റി തീരുമാന പ്രകാരം ഉപേക്ഷിച്ചതായും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഇപ്രകാരം നടപ്പാക്കാൻ സാധിക്കാത്ത

പ്രവൃത്തികൾ സ്പിൽ ഓവറായി തുടരുന്നത് ഒഴിവാക്കേണ്ടതും പദ്ധതി തുക ഫലപ്രദമായി വിതരണം നടത്തുന്നതിനും അധികൃതർ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 അതിർത്തി തർക്കം കാരണം മാന്തുക ഗവ. UP സ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തീകരിക്കാനായില്ല.

മാന്തുക ഗവ. UP സ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണത്തിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2020-21 ൽ തയ്യാറാക്കുകയും ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തിരുന്നു. ബഹു വർഷ പദ്ധതിയാണ് തയ്യാറാക്കിയത്. ശ്രീ ഭാസ്കരൻ പിള്ള എന്ന കരാറുകാരന്റെ 777136 രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും പ്രവൃത്തി ഇദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ ടോയ്‌ലെറ്റ് നിർമ്മാണം പാതി വഴിയിൽ നിലച്ചതായി വ്യക്തമായി. പദ്ധതിയുടെ നാളിതുവരെയുള്ള ചെലവിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നമ്പർ / പേര് | 204/2021-22, 66/2022-23, മാന്തുക ഗവ. UP സ്കൂൾ ടോയ്‌ലെറ്റ് നിർമ്മാണം |
| ഫണ്ട് വകയിരുത്തിയത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (2021-22) -500000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് (2022-23) -655826 |
| ഫണ്ട് ചെലവഴിച്ചത് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് (2021-22) -219174<br>(BRN 5042513601210082/08.03.2022)<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് (2022-23) -319289<br>(BRN 5042513601220015/28.03.2023)<br>**ആകെ - 538463** |
| എഗ്രിമെന്റ് നമ്പർ / തീയതി | 47/AE/LSGD/KGP: 29.01.2022 |
| കരാറുകാരൻ | ശ്രീ കെ ജി ഭാസ്കരൻ പിള്ള, കല്ലൂർക്കാട്ട് ഇടപ്പുര, തുമ്പമൺ താഴം P.O |

കരാർ പ്രകാരം പ്രവൃത്തി ആരംഭിച്ച് ആറു മാസത്തിനകം ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ സ്കൂളിന്റെ തെക്ക് കിഴക്ക് ഭാഗത്തായി നിർമ്മാണം ആരംഭിച്ചപ്പോൾ സമീപ വാസിയായ ശ്രീ ജോസ് എ.ഒ, ഏറത്തുകാവിൽ വീട്, മാന്തുക എന്നയാൾ ആറന്മുള ഉപജില്ല വിദ്യാഭ്യാസ ഓഫീസർക്ക് പരാതി കൊടുക്കുകയും ഇതു സംബന്ധിച്ച റിപ്പോർട്ട് നൽകുന്നതിന് പ്രസ്തുത ഓഫീസിൽ നിന്നും സ്കൂൾ പ്രഥമധ്യാപികയ്ക്ക് കത്ത് ലഭിക്കുകയും

ചെയ്തിരുന്നു. (നം.C-1883/2022: 27.08.2022)



ഉപയോഗശൂന്യമായ ഷെഡ് ഇരുന്ന സ്ഥലത്താണ് ടോയ്‌ലെറ്റ് നിർമ്മാണം ആരംഭിച്ചത്. ടോയ്‌ലെറ്റിന്റെ റൂഫ് കോൺക്രീറ്റ് വരെ കഴിഞ്ഞ സമയത്താണ് അയൽവാസിയുടെ പരാതി വന്നത്. പരാതിക്കാരന്റെ അതിർത്തിയിൽ നിന്നും കൃത്യമായ ദൂരം വിട്ടിട്ടല്ല ടോയ്‌ലെറ്റ് നിർമ്മിച്ചത് എന്നായിരുന്നു പരാതിക്കാധാരമായത്. അതിനാൽ റവന്യൂ വകുപ്പിൽ നിന്നും സ്കൂളിന്റെ അതിർത്തി പുനർ നിർണ്ണയിച്ചു കിട്ടുന്നതിനായി ഗ്രാമപഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ടെന്ന് 29.08.2022 ൽ അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിരുന്നു. പരാതിക്കാരന്റെ വഴി അളന്നു തിട്ടപ്പെടുത്തി സ്കൂളിന്റെ അതിർത്തി പുന നിർണ്ണയിക്കുന്നതിനും പാർട്ട് ബിൽ തുക നൽകുന്നതിനും 30.09.2022 ലെ 1(2) ാം തീരുമാനത്തിലൂടെ ഭരണസമിതി അംഗീകാരം നൽകിയിരുന്നു.

ടോയ്‌ലെറ്റ് നിർമ്മാണത്തിനെതിരെ പരാതിക്കാരൻ പത്തനംതിട്ട മുൻസിഫ് കോടതിയിൽ കേസ് നൽകിയിട്ടുണ്ട് (OS No-366/A1/22). സ്കൂളിന്റെ അതിർത്തി നിർണ്ണയിച്ചു നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 08-06-2022 ൽ കോഴഞ്ചേരി താലൂക്ക് ഭൂരേഖ തഹസീൽദാർക്ക് കത്ത് നൽകിയിരുന്നു. ഇതിനെത്തുടർന്ന് താലൂക്ക് സർവ്വെയർ 26.12.2022 ൽ ഇത് സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. ഈ റിപ്പോർട്ട് പ്രകാരം സ്കൂൾ നിൽക്കുന്ന സ്ഥലം റീസർവ്വെ Bl. No.6, സർവ്വെ നമ്പർ 214/10 ൽ ഉൾപ്പെടുന്നുവെന്നും ഈ സബ് ഡിവിഷന്റെ കുറച്ചു ഭാഗം കൈയ്യേറി വഴിയായി ഉപയോഗിക്കുന്നതായും ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. കൈയ്യേറിയ ഭാഗം തിട്ടപ്പെടുത്തി സ്കെച്ച് തയ്യാറാക്കി ഗ്രാമപഞ്ചായത്തിനു ലഭ്യമാക്കിയിട്ടുണ്ട്. ഈ വിവരം ഉചിതമാർഗ്ഗേന അഡ്വക്കേറ്റ് മുഖാന്തിരം കോടതിയിൽ അറിയിക്കേണ്ടതും കൈയ്യേറിയ ഭാഗം ഒഴിപ്പിക്കുന്നതിനും ടോയ്‌ലെറ്റ് നിർമ്മാണം പൂർത്തീകരി ക്കുന്നതിനും ഭരണസമിതി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 ഇ-ടെണ്ടർ ഫീ സ്വീകരിക്കുന്നതിനായി അക്കൗണ്ട് ആരംഭിച്ചിട്ടില്ല

ത്രിതല പഞ്ചായത്തുകളിൽ ഇ-ടെണ്ടർ സമ്പ്രദായം നടപ്പിലാക്കിയ വേളയിൽ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഫീസുകളും മറ്റും ഒടുക്കിയിരുന്നത് അതാത് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്കായിരുന്നു. ഇപ്രകാരം വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഈടാക്കിയ തുക, അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് പലപ്പോഴും പ്രായോഗിക വൈഷമ്യം നേരിടുന്നതിനാൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ.യിൽ അക്കൗണ്ട് തുടങ്ങുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയർ നിർദ്ദേശം നൽകിയിരുന്നു (17.08.2017ലെ ഡി.ബി1/7942/2010/സിഇ.തസ്വഭവ നമ്പർ സർക്കുലർ). എന്നാൽ കുളനട ഗ്രാമപഞ്ചായത്തിൽ ഇ-ടെണ്ടർ ഫീസ് ഈടാക്കുന്നതിന് പഞ്ചായത്തിലെ ഇ- പേയ്മെന്റ് സ്വീകരിക്കുന്നതിനുള്ള

അക്കൗണ്ടാണ് മാപ്പ് ചെയ്തിട്ടുള്ളത് എന്ന് (A/C No.67397142832, SBI കുളനട) ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.26/16.11.2023) മറുപടിയായി അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഈ അക്കൗണ്ടാണ് ഗ്രാമപഞ്ചായത്തിന്റെ നികുതി /നികുതിയേതര വരുമാനങ്ങളുടെ Online Payment അക്കൗണ്ടായി ഉപയോഗിക്കുന്നത്. 2019-20 മുതൽ 2022-23 വരെ ഇ-ടെണ്ടർ ഫീ ഇനത്തിൽ ഈ അക്കൗണ്ടിലേക്ക് വന്ന തുക സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രൊജക്ടുകളുടെ എണ്ണം | ഒടുക്കിയ ടെണ്ടർ ഫീ |
|---|---|---|
| 2019-20 | 118 | 171695 |
| 2020-21 | 74 | 110735 |
| 2021-22 | 86 | 89450 |
| 2022-23 | 56 | 55750 |
| **ആകെ** | **334** | **427630** |

ചീഫ് എഞ്ചിനീയറുടെ നിർദ്ദേശപ്രകാരം ഇ-ടെണ്ടറിന്റെ ആവശ്യത്തിലേക്കായി മാത്രം SBI യിൽ അക്കൗണ്ട് തുടങ്ങേണ്ടതും മാപ്പിംഗ് നടത്തേണ്ടതുമാണ്.

## 1-24 മുറ്റത്തൊരു മീൻ തോട്ടം- തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയില്ല.

2022-2023 സാമ്പത്തികവർഷം ഫിഷറീസ് സബ് ഇൻസ്പെക്ടർ മുഖേന മുറ്റത്തൊരു മീൻ തോട്ടം എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. അര സെന്റ് വിസ്തീർണ്ണമുള്ള കുളത്തിൽ 75 സെന്റീമീറ്റർ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിന് ചുറ്റുമായി 75സെ.മീ. ഉയരത്തിൽ ബണ്ട് രൂപീകരിക്കുകയും, കുളത്തിൽ പടുത വിരിച്ച്, അടിത്തട്ട് ഒരുക്കി 125 സെ.മീ. ഉയരത്തിൽ ജലം നിറച്ച് സംരക്ഷണ വല സ്ഥാപിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുകയും ചെയ്യുന്ന പദ്ധതിയാണിത്. പദ്ധതിയുടെ ചെലവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പദ്ധതിനമ്പർ / പേര് | ചെലവഴിച്ച തുക |
|---|---|
| 75/23 | 15000 |
| 69/23 | 16000<br>8000 |

പദ്ധതിനിർവഹണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. കുളം നിർമ്മിക്കൽ തൊഴിലുറപ്പു പദ്ധതിയിൽ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ഉപയോഗപ്പെടുത്തേണ്ടതാണെന്ന് 14-ാം പദ്ധതി മാർഗ്ഗരേഖയുടെ ഖ:6.4 ന്റെ 13 A യിൽ നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്ത് തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പ്രയോജനപ്പെടുത്തിയിട്ടില്ല.
2.മത്സ്യക്കൃഷി, ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമായി ഉൾപ്പെടുത്തണമെന്ന നിർദ്ദേശം (ഖ:6.4 ന്റെ13A) പാലിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ മേൽ സൂചിപ്പിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഉപയോഗശൂന്യമായ കാർഷിക യന്ത്രസാമഗ്രികൾ - തുടർ നടപടി അനിവാര്യം

ഗ്രാമപഞ്ചായത്തിലെ വിവിധ പാടശേഖരങ്ങളിലെ ഉപയോഗത്തിനായി വാങ്ങിയ താഴെപ്പറയുന്ന യന്ത്രസാമഗ്രികൾ വർഷങ്ങളായി ഉപയോഗിക്കുന്നില്ല. ഇവ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗക്ഷമമാക്കാൻ പറ്റാത്ത സ്ഥിതിയാണെന്ന് കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1. പവർ റീപ്പർ-4എണ്ണം
2. പവർ ടില്ലർ- 4 എണ്ണം
3. പവർ ക്രഷർ കം വിന്നോവർ-5 എണ്ണം

ഉപയോഗപ്രദമാക്കാൻ കഴിയാത്ത ടി യന്ത്ര സാമഗ്രികൾ വിറ്റഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-26 വൈദ്യുത കണക്ഷൻ ഉറപ്പാക്കാതെ പാടശേഖര സമിതികൾക്ക് പമ്പ് സെറ്റ് വാങ്ങി നല്കി

കൃഷി ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 242/23-ാം നമ്പർ പ്രോജക്ട് പ്രകാരം ഏലത്തറ പുഞ്ച, വള്ളിച്ചിറ പാടശേഖരം എന്നിവിടങ്ങളിലേക്കായി 3 പമ്പ് സെറ്റുകൾ വാങ്ങുന്നതിന് 389872/- രൂപ ചെലവഴിച്ചിട്ടുണ്ട് (ബിൽ നം.22050652016801527393 തീയതി 28.03.2023). എന്നാൽ വാങ്ങിയ മോട്ടോറുകൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പമ്പ് ഹൌസ് നിർമ്മിക്കുന്നതിനോ വൈദ്യുത കണക്ഷൻ ഏർപ്പെടുത്തുന്നതിനോ വേണ്ട യാതൊരു നടപടിയും നാളിതുവരെ സ്വീകരിച്ചിട്ടില്ല. വാങ്ങിയ മോട്ടറുകൾ പാടശേഖര സമിതി സെക്രട്ടറിമാരുടെ വീടുകളിൽ സൂക്ഷിച്ചിരിക്കുന്നതായി പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടു. മാത്രവുമല്ല ടി മോട്ടറുകൾ കൊണ്ടുള്ള പ്രയോജനം പൂർണ്ണമായും ലഭിക്കണമെങ്കിൽ ജലസ്ത്രോതസ്സുകളിൽ നിന്നും പാടശേഖരങ്ങളിലേക്ക് വെള്ളം പമ്പ് ചെയ്ത് എത്തിക്കുന്നതിനാവശ്യമായ 2.5 ഇഞ്ച് വ്യാസമുള്ള ഫ്ലെക്സിബിൾ ഹോസുകൾ കൂടി ലഭ്യമാക്കണമെന്ന് പാടശേഖര സമിതി അറിയിച്ചിട്ടുണ്ട്. 20 എച്ച്.പി യുടെ കിർലോസ്ക്കർ മോണോസ്റ്റോക്ക് പമ്പ് സെറ്റ് ഒരെണ്ണം വള്ളിച്ചിറ പാടശേഖര സമിതിക്കും 10 എച്ച്.പിയുടെ രണ്ട് പമ്പ് സെറ്റുകൾ ഏലത്തറ പുഞ്ച പാടശേഖര സമിതിക്കുമാണ് കൈമാറിയിട്ടുള്ളത്. 27.03.2023ലെ ടാക്സ് ഇൻവോയിസ് നം പി.റ്റി.എ/1245/22-23 പ്രകാരം റെയ്ഡ്കോ കേരള ലിമിറ്റഡിൽ നിന്നുമാണ് പമ്പ് സെറ്റുകൾ വാങ്ങി നല്കിയിട്ടുള്ളത്.

ജലസ്രോതസ്സ്, പമ്പ് ഹൌസ്, വൈദ്യുത കണക്ഷൻ എന്നിവ ഉറപ്പാക്കാതെയും പാടശേഖരങ്ങളിലേക്ക് വെള്ളം എത്തിക്കാനാവശ്യമായ ഹോസ് ലഭ്യമാക്കാതെയും മുൻകൂറായി പമ്പ് സെറ്റുകൾ മാത്രം വാങ്ങി സൂക്ഷിച്ചിട്ട് ഏഴ് മാസത്തിലേറെയായിട്ടുണ്ട്. നാളിതുവരെയായിട്ടും പമ്പ് ഹൗസ് സ്ഥാപിക്കാനോ വൈദ്യുത കണക്ഷൻ ലഭ്യമാക്കാനോ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ആയതിനാൽ മോട്ടോറുകളുടെ വാറന്റി കാലയളവായ ഒരു വർഷം കഴിഞ്ഞാലും അവ പ്രവത്തിപ്പിക്കാൻ കഴിയാത്ത നിലയിലാണ്.

ഈ വിഷയം ഓഡിറ്റ് എൻക്വയറി (28/17.11.2023) മുഖേന കൃഷി ഓഫീസറുടെ ശ്രദ്ധയിൽപ്പെടുത്തി. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പമ്പ് ഹൗസ് നിർമ്മിക്കുന്നതാണെന്നും, വൈദ്യുത കണക്ഷൻ നൽകുന്നതു സംബന്ധിച്ച് കെ.എസ്.ഇ.ബി ഉറപ്പു നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. തുടർ നടപടി സ്വീകരിച്ച്, പമ്പ് സെറ്റുകൾ പ്രവർത്തന സജ്ജമാക്കി, വിവരം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 389872/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 അഗതിരഹിത കേരളം - ഭക്ഷണക്കിറ്റ് വിതരണം നിലച്ചു

ഗ്രാമപ്പഞ്ചായത്ത് നടപ്പാക്കിവരുന്ന അഗതിരഹിത കേരളം പദ്ധതി പ്രകാരമുള്ള ഭക്ഷണക്കിറ്റ് വിതരണം നിലച്ചു. അവസാനമായി കിറ്റ് നൽകിയത് 2023 ഓഗസ്റ്റ് മാസത്തിലാണ്. 2023 ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങളിലും ഭക്ഷണക്കിറ്റ് നൽകിയിട്ടില്ല.

നിലവിൽ 143കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ഭക്ഷണം, മരുന്ന്, ഭൂമി, വീട്, ടോയ്‌ലറ്റ് മുതലായ അതിജീവന ആവശ്യങ്ങൾ നിറവേറ്റപ്പെടേണ്ട നിരവധി പേർ പദ്ധതിയിലുണ്ടെന്ന് പ്രോജക്ട് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ടു. 4666200/- രൂപ ചലഞ്ച് ഫണ്ടും, 5010000രൂപ പ്ലാൻ ഫണ്ടും ഉൾപ്പെടെ 9676200/- രൂപ അടങ്കൽ നിശ്ചയിച്ചിട്ടുള്ള പ്രസ്തുത പ്രോജക്ടിലേക്ക് ഗ്രാമപ്പഞ്ചായത്ത് വിഹിതമായി ഒരു രൂപപോലും നൽകിയിട്ടില്ല. ചലഞ്ച് ഫണ്ടിനത്തിൽ ലഭിച്ച 1181274/- രൂപ മാത്രമാണ് പദ്ധതി നടത്തിപ്പിനായി ലഭിച്ചിട്ടുള്ളത്. ലഭിച്ച ഫണ്ടിൽ 941889/- രൂപ നിലവിൽ അവശേഷിക്കുന്നു.

941889/- രൂപ അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ടായിട്ടും ഭക്ഷണക്കിറ്റ് നൽകാതിരിക്കുന്നതിന്റെ കാരണം വിശദീകരിക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (31/20.11.2023) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

അഗതിരഹിതകേരളം പദ്ധതി നടത്തിപ്പിലെ അപാകതകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 നിക്ഷേപ പ്രവൃത്തികൾ - തിരികെ ലഭിച്ച തുക തനതു ഫണ്ടിൽ സൂക്ഷിക്കുന്നു

മുൻ വർഷങ്ങളിൽ വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി കേരള വാട്ടർ അതോറിറ്റിക്ക് മുൻകൂർ നൽകിയതിൽ, പ്രവൃത്തി പൂർത്തീകരിച്ച ശേഷം തിരികെ ലഭിച്ച തുകകൾ തനതുഫണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര് | വർഷം | നിക്ഷേപിച്ച തുക | ചെലവ് | തിരികെ ലഭിച്ച തുക |
|---|---|---|---|---|
| കൈപ്പുഴ ക്ഷേത്രം - ഇൻർമേഷൻ സെന്റർ റോഡ് പൈപ്പ് ലൈൻ നീട്ടൽ | 2018-19 | 150000 | 119540 | 30460 |
| കൊല്ലശ്ശേരി ഭാഗം പൈപ്പ് ലൈൻ നീട്ടൽ | 2019-20 | 70000 | 40372 | 29628 |
| **ആകെ** | | **220000** | **159912** | **60088** |

ഇതു കൂടാതെ, ചുവടെ പറയുന്ന പ്രവൃത്തികൾ നടപ്പാക്കാതിരുന്നതിനാൽ തിരികെ ലഭിച്ച തുകകളും തനതു ഫണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്.

| പ്രോജക്ടിന്റെ പേര് | വർഷം | നിക്ഷേപിച്ച തുക |
|---|---|---|
| കളത്ര കോളനി - കരിമല കേളനി പൈപ്പ് ലൈൻ നീട്ടൽ | 2018-19 | 190000 |
| പൈപ്പ് ലൈൻ നീട്ടൽ വാർഡ് X, XI | 2020-21 | 183000 |
| പനുവേലിപ്പടി - വട്ടംകുന്ന് കോളനി പൈപ്പ് ലൈൻ നീട്ടൽ | 2020-21 | 50000 |
| **ആകെ** | | **423000** |

വാട്ടർ അതോറിറ്റിയിൽനിന്ന് തിരികെ ലഭിച്ച തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കുകയോ, അല്ലാത്ത പക്ഷം മറ്റ് പ്രോജക്ടുകൾക്കു വേണ്ടി വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്.

## 1-29 നിർവ്വഹണ ഉദ്യോഗസ്ഥ കൈപ്പറ്റിയ മുൻകൂർ ക്രമീകരിച്ചില്ല

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾക്കായി സ്ഥാപന മേധാവിമാർക്ക് മുൻകൂർ അനുവദിക്കാമെന്ന ഉത്തരവ് പ്രകാരം മാന്തുക യു.പി.സ്കൂൾ ഹെഡ് മിസ്ട്രസ്സിന് 2021-22ൽ നൽകിയ മുൻകൂർ തുക നാളിതുവരെ ക്രമീകരിക്കുകയോ, ചെലവ് രേഖകൾ പൂർണ്ണമായി ഓഡിറ്റിനു ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. 2022-23 ൽ ചെലവഴിച്ച 29737രൂപയുടെ രേഖകൾ മാത്രമാണ് ഓഡിറ്റിനു ഹാജരാക്കിയിട്ടുള്ളത്.

മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥർ, ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം തദ്ദേശഭരണ സ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ സ്ഥാപന മേധാവിതന്നെ സൂക്ഷിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണെന്ന് ഇതു സംബന്ധിച്ച ഉത്തരവിൽ [ജി.ഒ.(എം.എസ്.) നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018, ഖണ്ഡിക 8.8] സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഈ വിഷയം സംബന്ധിച്ച് ഹെഡ് മിസ്ട്രസിന് ഓഡിറ്റ് എൻക്വയറി **(22/16.10.2023)** നൽകി. മുൻകൂർ കൈപ്പറ്റിയ ഹെഡ് മാസ്റ്റർ 11.03.2022വരെ ചെലവഴിച്ച 19350രൂപയുടെ ചെലവ് രേഖകൾ തനിക്ക് കൈമാറിയിട്ടില്ലെന്നും, നീക്കിയിരിപ്പുള്ള 913രൂപ പഞ്ചായത്തിലേക്ക് തിരിച്ചടയ്ക്കുന്നതാണെന്നും നിലവിലെ ഹെഡ് മിസ്ട്രസ്, സെക്രട്ടറി മുഖേന മറുപടി നൽകി.

മുൻകൂർ യഥാസമയം ക്രമീകരിക്കാതിരുന്നത് മേൽപ്പറഞ്ഞ സർക്കാർ ഉത്തരവിന്റെയും, കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 100 ലെ വ്യവസ്ഥയുടെയും ലംഘനമാണ്. 19350രൂപയുടെ ചെലവ് ക്രമീകരിച്ചതിന്റെ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-30 കരാർ ജീവനക്കാരുടെ ലീവ് അക്കൗണ്ട് സാക്ഷ്യപ്പെടുത്താതെ ആർജ്ജിതാവധി അനുവദിച്ചു

ഗ്രാമപ്പഞ്ചായത്തിലെ എംജിഎൻആർഇജിഎസ് വിഭാഗത്തിലെ കരാർ ജീവനക്കാർക്ക് ചുവടെ പറയും പ്രകാരം ആർജ്ജിതാവധി പണമായി നൽകിയിട്ടുള്ളതായി 2022-23ലെ തനതുഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ കണ്ടു.

| ജീവനക്കാരുടെ പേര് | തസ്തിക | ലീവ് സറണ്ടർ കാലയളവ് | സറണ്ടർ ചെയ്ത ലീവുകളുടെ എണ്ണം | കൈപ്പറ്റിയ തുക |
|---|---|---|---|---|
| ശ്രീമതി കരുണ എസ് തമ്പാൻ | അക്രഡിറ്റഡ് എഞ്ചിനീയർ | 2021-22 & 2022-23 | 30 | 31460 |
| ശ്രീ അഭിഷേക് വി യു | ഓവർസീയർ | - ടി- | 30 | 24040 |
| ശ്രീമതി അഞ്ജു കൃഷ്ണൻകുട്ടി | അക്കൌണ്ടന്റ് കം ഐറ്റി അസിസ്റ്റന്റ് | - ടി- | 30 | 24040 |
| ശ്രീമതി ബിന്ദു സി എസ് | - ടി- | - ടി- | 30 | 24040 |
| **ആകെ** | | | | **103580** |

മേൽപ്പറഞ്ഞ ജീവനക്കാർ KSR ഭാഗം 1 അനുബന്ധം 8 പ്രകാരമാണ് നിയമിതരായിട്ടുള്ളത്. എന്നാൽ ഇവരുടെ സേവന പുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. അതിനാൽ ജീവനക്കാരുടെ ക്രെഡിറ്റിലുള്ള ആർജ്ജിതാവധിയുടെ വിവരങ്ങൾ പരിശോധിച്ച് ബോദ്ധ്യപ്പെടാതെയാണ് സറണ്ടർ ആനുകൂല്യം അനുവദിച്ചത്. അതിനാൽ ഈ ചെലവ് സുതാര്യമല്ല.

ഈ വിഷയം ഓഡിറ്റ് എൻക്വയറി മുഖേന (**10/14.11.2023**) സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി. അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. മേൽപ്പറഞ്ഞ ജീവനക്കാരുടെ ലീവ് അക്കൗണ്ട് തയ്യാറാക്കി, വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-31 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷാ പെൻഷൻ സമയബന്ധിതമായി സസ്പെന്റ് ചെയ്യുന്നില്ല.

പഞ്ചായത്തിൽനിന്നും സാമൂഹ്യ ക്ഷേമ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അവരുടെ പെൻഷൻ യഥാസമയം സസ്പെന്റ് ചെയ്യുന്നില്ല. ഇവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ മരണശേഷം ഇവരുടെ അക്കൌണ്ടിലേക്ക് കൈമാറുന്ന തുക അനർഹർ കൈപ്പറ്റാൻ സാധ്യതയുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷൻ സസ്പെന്റ് ചെയ്ത തീയതി |
|---|---|---|---|---|---|
| 1 | വർഗീസ് ബേബി | 104250200081 | വാർദ്ധക്യകാല പെൻഷൻ | 01.04.2021 | 15/06/2022 |

| | | | | | |
|---|---|---|---|---|---|
| 2 | സുമതി കെ എൻ | 104250202258 | വാർദ്ധക്യകാല പെൻഷൻ | 08.04.2021 | 27.07.2022 |
| 3 | ചെല്ലപ്പൻ എ കെ | 104250200408 | വാർദ്ധക്യകാല പെൻഷൻ | 20.11.2021 | 17.06.2022 |
| 4 | നാരായണൻ | 104250201977 | വാർദ്ധക്യകാല പെൻഷൻ | 21.10.2021 | 27.07.2022 |
| 5 | മീനാക്ഷിയമ്മ | 104250200678 | വാർദ്ധക്യകാല പെൻഷൻ | 23.11.2021 | 20.06.2022 |
| 6 | പരമേശ്വരൻ നായർ എൻ | 104250200338 | വാർദ്ധക്യകാല പെൻഷൻ | 02.10.2021 | 27.07.2022 |
| 7 | ഏലിക്കുട്ടി | 104250200346 | വാർദ്ധക്യകാല പെൻഷൻ | 19.08.2021 | 20.06.2022 |
| 8 | വർഗീസ് തോമസ് | 104250201212 | വാർദ്ധക്യകാല പെൻഷൻ | 24.10.2021 | 12/12/2022 |
| 9 | മാത്യുകുട്ടി | 104250200626 | വാർദ്ധക്യകാല പെൻഷൻ | 06.06.2021 | 12/12/2022 |
| 10 | ഓമന വി കെ | 104250600312 | വിധവാ പെൻഷൻ | 12.09.2022 | 28/03/2023 |

മരണപ്പെട്ടവരെ അതാത് മാസം തന്നെ പെൻഷൻ ഡേറ്റ ബേസിൽ നിന്നും ഒഴിവാക്കുന്നതിന് പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാദ്ധ്യസ്ഥരാണന്ന്, സാമൂഹ്യ സുരക്ഷാ പെൻഷൻ മാനദണ്ഡങ്ങളും അനുബന്ധ നിർദ്ദേശങ്ങളും ക്രോഡികരിച്ചുകൊണ്ട് പുറപ്പെടുവിച്ച ജി.ഒ(എം.എസ്.)നം.97/2020/ധന തീ.23/09/2020 നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി(നം. 20/15.11.2023) നല്കിയിരുന്നു. ഇവരിൽ 3 ഗുണഭോക്താക്കൾക്കാണ്(ക്രമ നം.1,2,9) മരണപ്പെട്ട ശേഷവും തുക അക്കൗണ്ടിലേക്ക് വിതരണം ചെയ്തതെന്നും ആയത് ഈടാക്കുന്നതാണെന്നും എൻക്വയറിക്ക് മറുപടിയായി അറിയിച്ചിട്ടുണ്ട്. പെൻഷൻ കൈപ്പറ്റിക്കൊണ്ടിരിക്കുന്ന മുഴുവനാളുകളുടെയും ലിസ്റ്റ് അങ്കനവാടി/ആശാ വർക്കർമാരെ കൊണ്ടും പെൻഷൻ അന്വേഷണ ചുമതലയുള്ള ഉദ്യോഗസ്ഥരെ കൊണ്ടും മറ്റ് ലഭ്യമായ മാർഗ്ഗങ്ങളിലൂടെ വിശദമായ പരിശോധന നടത്തി നിലവിൽ പെൻഷൻ സസ്പെന്റ് ചെയ്യാത്ത അനർഹരായ മുഴുവൻ ആളുകളുടെയും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-32 എസ്.എസ്.കെ പ്രവർത്തനം വിലയിരുത്തുന്നില്ല

സമഗ്ര ശിക്ഷാ കേരളം പദ്ധതിക്കായി **2018-19 മുതൽ 2022-23വരെ 19.98ലക്ഷം** രൂപ, ഗ്രാമപ്പഞ്ചായത്ത് വിഹിതമായി എസ്.എസ്.കെ ബ്ലോക്ക് പ്രോജക്ട് കോ ഓർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്.

സമഗ്ര ശിക്ഷാ കേരളം പദ്ധതി സംബന്ധിച്ച് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ [സർക്കാർ ഉത്തരവ് (കൈ) നം.84/22 തീയതി 19.04.2022] ഖണ്ഡിക നം.8.6 ൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ കർമ്മപരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശ ഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണമെന്നും, കൂടാതെ, പ്രോജക്ടിനു നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ എന്നിവ എസ്.എസ്.കെ പ്രോജക്ട് ഡയറക്ടർ തദ്ദേശ സ്ഥാപനത്തെ അറിയിക്കണമെന്നും പ്രസ്തുത മാർഗ്ഗരേഖ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിർദ്ദേശം നടപ്പായില്ല.

ഗ്രാമപ്പഞ്ചായത്തിലെ വിവിധ സ്കൂളുകളുടെ ആവശ്യങ്ങൾ എസ്.എസ്.കെ.യും ഗ്രാമപ്പഞ്ചായത്തും പരിശോധിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 2022-23വർഷത്തേക്ക് നടപ്പിലാക്കാനുദ്ദേശിക്കുന്ന വിവിധ പ്രവർത്തനങ്ങൾ സംബന്ധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തിട്ടില്ല. പഞ്ചായത്ത് നൽകിയ തുക വിനിയോഗിച്ച് പ്രോജക്ട് നടപ്പിലാക്കിയതിന്റെ വിശദമായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. കൂടാതെ, പദ്ധതി നടപ്പിലാക്കിയതു സംബന്ധിച്ച് പഞ്ചായത്ത് തല മോണിറ്ററിംഗ് നടത്തിയിട്ടില്ല. അപാകതകൾ ഓഡിറ്റ് എൻക്വയറി **(08/13.11.2023)** മുഖേന സെക്രട്ടറിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ഈ വിഷയത്തിൽ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ സജീവ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-33 പഠനമുറി നിർമ്മാണം പൂർത്തീകരിച്ചില്ല

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ " പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി '' (83/2023) എന്ന പ്രോജക്ടിന്റെ മൂന്ന് ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ (രക്ഷിതാവിന്റെ) പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | വിജയകുമാർ | 125000 |
| 2 | ഗോപിക്കുട്ടൻ | 125000 |
| 3 | സുകുമാരൻ | 125000 |

മേൽപ്പറഞ്ഞ ഗുണഭോക്താക്കളുടെ പഠനമുറി നിർമ്മാണ പുരോഗതി നിരീക്ഷിക്കേണ്ടതും, പൂർത്തീകരണ വിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

## 1-34 മരുന്നുകൾ ലഭ്യമാക്കുവാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്നുകൾ, വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിലേയ്ക്ക് മുൻകൂറായി തുക ഒടുക്കിയിട്ടുണ്ട്. പരിശോധനയ്ക്ക് ലഭ്യമാക്കിയ ടാക്സ് ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നിന്റെ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്/ പ്രോ.നമ്പർ | നൽകിയ തുക ബിൽ നം./ തീയതി | പ്രൊഫോർമ ഇൻവോയിസ് നം. | ലഭ്യമായ മരുന്നുകൾ(തുക) | അവശേഷിക്കുന്ന മരുന്നുകൾ(തുക) |
|---|---|---|---|---|
| പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ(21/23) | 802271, 19/05/12/2022 6/11/08/2022 | PRF2450,21.11.2022 PRF730,19.07.2022 | 470703 | 331568 |
| പാലിയേറ്റീവ് കെയർ(22/23) | 596111, 99/17/11/2022 271/27.02.2023 37228/03/2023 | PRF2061, 08.11.2022, PRF5394,16.03.2023, PRF2059,08.11.2022 | 247778 | 348333 |
| | | ആകെ | | 679901 |

പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്കുള്ള മരുന്നുകളും പാലിയേറ്റീവ്കെയർ പദ്ധതിക്ക് ആവശ്യമായ മരുന്നുകളും അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ പൂർണ്ണമായി ലഭിക്കുന്ന മുറയ്ക്ക് രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-35 കാര്യക്ഷമമാക്കേണ്ട ദുരിതാശ്വാസ നിധി

പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, മാറാ രോഗങ്ങൾ മുതലായവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പരിധിയിൽ നിവസിക്കുന്നവരും നിർധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഓരോ പഞ്ചായത്തിലും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടം 3 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം3 (4) പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധിയുടെ വരവു ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ പരിശോധനയിൽ, ഗ്രാമ പഞ്ചായത്തിൽ 15.07.2015 ൽ രൂപീകൃതമായ ദുരിതാശ്വാസനിധിയിൽ ആകെ 10,523/- രൂപ മാത്രമാണുള്ളത് (കേരള ഗ്രാമീൺ ബാങ്ക്, കുളനട, അക്കൗണ്ട് നം-40388101006524). പ്രകൃതി ക്ഷോഭങ്ങളുടെ ഇക്കാലത്ത് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് വളരെയധികം പ്രസക്തിയുണ്ട്. ചട്ടം നിർദ്ദേശിക്കുന്ന രീതിയിലൂടെ നിധിയിലേക്ക് ധനസമാഹരണം നടത്തേണ്ടതും നിധി ഉപയോഗിച്ച് ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തേണ്ടതുമാണ്. നിധിയെ സംബന്ധിച്ച വരവു-ചെലവു കണക്കുകൾ ഒരു ക്യാഷ് ബുക്കിലെഴുതേണ്ടതും വിശദാംശം രേഖപ്പെടുത്തുന്നതിന് ഒരു രജിസ്ററും, സബ്കമ്മിററി യോഗനടപടികൾക്ക് മിനിററ്സും എഴുതി സൂക്ഷിക്കേണ്ടതുമാണ്. ദുരിതാശ്വാസനിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

## 1-36 സ്വന്തമായി കെട്ടിടമില്ലാതെ അങ്കണവാടികൾ

ഗ്രാമ പഞ്ചായത്തിൽ ആകെ മുപ്പത് അങ്കണവാടികളുണ്ട്. പതിനെട്ട് അങ്കണവാടികൾ സ്വന്തമായി കെട്ടിടമുള്ളവയും പത്തെണ്ണം വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയുമാണ്. എല്ലാ അങ്കണവാടികൾക്കും ടോയ്ലെറ്റ് സൗകര്യമുണ്ട്.പതിനെട്ട് അങ്കണവാടികൾക്കു മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. എല്ലാ അങ്കണവാടികൾക്കും വൈദ്യുതിയും കുടിവെള്ള ലഭ്യതയും, ഗ്യാസ് കണക്ഷനുമുണ്ട്. അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ അറ്റകുറ്റപണികൾ നടത്തി സുരക്ഷ ഉറപ്പാക്കുക, അങ്കണവാടികൾക്ക്, സ്വന്തമായ സ്ഥലവും കെട്ടിടവും ലഭ്യമാക്കുക എന്നിവ പ്രാവർത്തികമാക്കുന്നതിന് പഞ്ചായത്ത് അധികൃതർ ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നില്ല. വികേന്ദ്രീകൃതാസൂത്രണം രണ്ട് ദശാംബ്ദങ്ങൾ പിന്നിട്ടിട്ടും സ്വന്തമായി കെട്ടിടമില്ലാത്ത എല്ലാ അങ്കണവാടികൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ലെന്നത് ഖേദകരമാണ്. ഈ വിഷയത്തിൽ അങ്കണവാടി വെൽഫെയർ കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ, എന്നിവരുടെ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 1-37 വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തണം. അതിനായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർസ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം എന്ന് 28/05/22 ലെ സ.ഉ.കൈ. 115/22/ത സ്വ ഭ വ(7.8.8) നിർദേശിക്കുന്നു. അതിനായി ഇപ്പോൾ ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ലഭ്യമാക്കിയാൽ വെതർസ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും ഫണ്ടും റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുന്നതാണ്. അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ ഏജൻസിയെ അറിയിച്ച് സർക്കാർ നിർദ്ദേശ പ്രകാരമുള്ള വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1080000 | 240/2022-23, 45/2022-23 ലൈഫ് (എസ് സി) | 1080000 | ഇല്ല |
| | 353680 | 73/2022-23,ലൈഫ് (ജനറൽ) | 320000 | 33680 |
| | 673121 | 104/2022-23, കൃഷി പാഡി ഇൻസെന്റീവ് | 673121 | ഇല്ല |
| | 75000 | 219/2022-3, അംഗനവാടി ശിശു സൗഹൃദമാക്കൽ | 75000 | ഇല്ല |
| | 300000 | 20/2022-23, ബഡ്സ് പ്രവർത്തന ചിലവും വാഹന വാടകയും | 300000 | ഇല്ല |
| | 50000 | അതിദരിദ്രർക്ക് മരുന്നു വാങ്ങൽ | 0 | 50000 |
| | 340985 | 6/2022-23, അങ്കണവാടി അനുപൂരക പോഷകാഹാരപദ്ധതി. | 340985 | ഇല്ല |
| | 214700 | 60/2022-23, ഭിന്നശേഷി സ്കോളർഷിപ്പ് | 214700 | ഇല്ല |
| | 36798 | 127/2022-23, | 36798 | ഇല്ല |

| | | | | |
|---|---|---|---|---|
| | | സൗരോജ്ജ വേലി നിർമ്മാണം | | |
| **ആകെ** | **3124284** | | **3040604** | **83680** |
| ജില്ലാ പഞ്ചായത്ത് | 19205 | 127/2022-23, സൗരോജ്ജ വേലി നിർമ്മാണം | 19205 | ഇല്ല |
| | 449074 | 104/2022-23, കൃഷി പാഡി ഇൻസെൻറ്റീവ് | 449074 | ഇല്ല |
| | 300000 | 22/2022-23, പാലിയേറ്റീവ് കെയർ | 300000 | ഇല്ല |
| | 1080000 | 73/2022-23,ലൈഫ് (ജനറൽ) | 1080000 | ഇല്ല |
| | 5120000 | 45/2022-23 ലൈഫ് (എസ് സി) | 5120000 | ഇല്ല |
| | 75000 | 60/2022-23, ഭിന്നശേഷി സ്കോളർഷിപ്പ് | 75000 | ഇല്ല |
| | 95166 | 147/2022-23, ക്ഷീരകർഷകർക്കു പാൽ സബ്സിഡി | 95166 | ഇല്ല |
| **ആകെ** | **7138445** | | **7138445** | **0** |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് (യൂട്ടിലൈസേഷൻലഭിച്ചിട്ടുള്ളത്) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 13/2022-23, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 1570000 | ഇല്ല | ഇല്ല |
| | | | | |

| | | | | |
|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 87/2022-23,ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 107738 | ഇല്ല | ഇല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 4300000 | ഇല്ല | 3173103 | ഇല്ല | 1126897 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|
| 2007-2008 | 650 | ശ്രീമതി. സുജാകുമാരി, സെക്രട്ടറി | 1220201702 തീയതി 26/07/2022 |
| 2003-2004 | 502 | ശ്രീ. ഹരികുമാരൻ ഉണ്ണിത്താൻ, സെക്രട്ടറി | 1220201703 തീയതി 26/07/2022 |
| 2017-2018 | 32768 | ശ്രീ. കൃഷ്ണകുമാർ, അസിസ്റ്റന്റ് | 1220202764 തീയതി 22/09/2022, 120203030 തീയതി 27/09/2022, |

| | | | |
|---|---|---|---|
| | | എഞ്ചിനീയർ, കുളനട | 1220203032 തീയതി 27/09/2022, 1220203033 തീയതി 27/09/2022, 1220203207 തീയതി 30/09/2022 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2011-2012 , 2012-2013 | അവലോകന റിപ്പോർട്ട് | 2014-2015 | 5-7(6) | മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ മോണിട്ടർ ചെയ്യുന്നില്ല, അസൌകര്യങ്ങൾ നിറഞ്ഞതും ശുചിത്വമില്ലാത്തതുമായ തൊഴുത്തുകൾ | നിയമസഭാ സമിതിയുട പരിഗണനയിലാണ്. |
| 2012-2013, 2014-2015 | അവലോകന റിപ്പോർട്ട് | 2014-2015 | 5-7(7) | മൃഗാശുപത്രികൾക്ക് മുന്നു വാങ്ങൽ പദ്ധതികൾക്കായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല. | നിയമസഭാ സമിതിയുട പരിഗണനയിലാണ്. |
| 2015-2016 | 2-6 | 2016-2017 | 2 | തൊഴിൽ നികുതി പിരിവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പൊതു അവസ്ഥ | നിയമസഭാ സമിതിയുട പരിഗണനയിലാണ്. |

## 4-8 ചാർജ് / സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) **സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | □ 67792166 |
| ആകെ ചെലവ് | □ 42952248 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 389872 |

(ബി) **പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-26 | 389872 | ശ്രീമതി. ലിനി ജേക്കബ്ബ്, കൃഷി ഓഫീസർ |

(സി) **കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

(ഡി) **നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | ഔദ്യോഗിക മേൽവിലാസം | |
|---|---|---|
| ശ്രീമതി. ലിനി ജേക്കബ്ബ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കുളനട | അയനിയാട്ട് മേലേതിൽ, പറക്കോട് പിഒ, അടൂർ-691554 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/ തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6/17/09 തീയതി: 15-12-2009 | 1 (3-9) |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി5/19/13 തീയതി: 20-07-2013 | 5 (3-5, 3-14, 3-15, 3-39, 3-40) |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി11/151/14 തീയതി: 19-04-2014 | 4 (3-1, 3-4, 3-7, 3-12) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി11/67/17 തീയതി: 06-02-2017 | 1 (2-6) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ./പി11/782/19 തീയതി: 18-09-2019 | 1 (1-23) |
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി11/511/2021 തീയതി: 27-08-2021 | 9 (1-13, 1-17, 1-18, 1-20, 1-21, 1-25, 1-26, 4-1, 4-2) |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി11/512/2021 തീയതി: 30-08-2021 | 20 (1-10(1), 1-10(2), 1-11-1, 1-14, 1-16, 1-17, 1-18, 1-20, 1-21, 1-22, 1-23, 1-28, 1-32, 1-33, 1-34, 1-35, 1-36, 4-1, 4-2, 4-4) |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി11/933/2022 തീയതി: 29-10-2022 | 11 (1-11, 1-15, 1-16, 1-17, 1-18, 1-20, 1-22, 1-23, 1-24, 1-25, 1-26) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട

<u>**Annexure-1**</u>

<u>**Audit Certificate**</u>

i. I have audited the attached Financial statements approved vide resolution number 2/1 dated 2/1 dated 10-07-2023 and submitted on 15-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the KULANADA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of KULANADA Grama Panchayat for the year 2022-2023

**Date: 04/12/2023** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of KULANADA Grama Panchayat for the Year 2022-2023.

### 1.Major Observations

-NIL-

## 2.Other Observations

1. The mandatory financial statements prescribed in accounting rules relating to notes to account and ratios are not submitted for audit.

2. Cash flow statement-Net increase/decrease in cashflow doesnot match with the difference between the Opening Balance and Closing Balalnce of cash and cash equivalents.

3. The amount received under State Share of Life project scheme was wrongly accounted as loan.

4. Receipts against Rent for Auditorium wrongly accounted in deposit head.

5. Details of Rs.8236 shown as Auction Deposit were not made available for verification.

6. An amount of Rs.154635 shown under the head Liability in respect of stale cheque has not been adjusted.

7. 519135 has been shown under capital work in progress. But there is no part bills pending for adjustments as per Assistant Engineer report.
8. Information regarding closing stock is not included in the financial statement.
9. Schedule B18-Advances not accounted in exact head of Accounts.
10. Audit recovery amount incorrectly accounted under the head audit recovery based as charge certificate head.
9. MGNREGS -cash book does not match with AFS.

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്